# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.7/2651/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.7/2651/2023 തീയ്യതി: 22/12/2023

## മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ശ്രീ. ദിനേശൻ. എം,ഓഡിറ്റ് ഓഫീസർ
2)ശ്രീ.ആലസ്സൻകുട്ടി, സിനിയർ ഗ്രേഡ് ഓഡിറ്റർ.
3)ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ.
4)ശ്രീമതി. ഹസീന.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മലയിൽ അബ്ദുരഹിമാൻ | പ്രസിഡന്റ് | 01-04-2022 | 05-08-2022 |
| ശ്രീ.റഫീഖ് അഫ്സൽ .പി.കെ | പ്രസിഡന്റ് | 06-08-2022 | 21-08-2022 |
| ശ്രീ.സി.വി സക്കറിയ | പ്രസിഡന്റ് | 22-08-2022 | 31-03-2023 |
| ശ്രീ.സനൽ കുമാർ.എ.പി | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി.മഞ്ജു.വി | സെക്രട്ടറി | 01-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് കുമാർ | അസി.സെക്രട്ടറി | 01-04-2022 | 02-08-2022 |
| ശ്രീ.ബിജീഷ് | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 03-08-2022 | 06-11-2022 |
| ശ്രീ ദീപു.കെ.കെ | അസി.സെക്രട്ടറി | 07-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ഹുമയൂൺ കബീർ.ടി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-05-2022 |
| ശ്രീ.ബിബിൻ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-06-2022 | 11-12-2022 |
| ശ്രീ.ജിത്തു.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 12-12-2022 | 31-03-2023 |
| ശ്രീമതി.ടിൻസി ടോം | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ശ്രീമതി.ഇസ്സാ കരിമ്പൻ | കൃഷി ഓഫീസർ | 28-07-2022 | 02-08-2022 |
| ശ്രീമതി.റൈഹാനത്ത്.യു | കൃഷി ഓഫീസർ | 03-08-2022 | 25-10-2022 |
| ശ്രീമതി.ഇസ്സാ കരിമ്പൻ | കൃഷി ഓഫീസർ | 26-10-2022 | 08-02-2023 |
| ശ്രീ.അജിത്ത്.എ.എസ് | കൃഷി ഓഫീസർ | 09-02-2023 | 31-03-2023 |
| ശ്രീ.രഞ്ജുമോൻ.സി | വി.ഇ.ഒ | 01-04-2022 | 28-05-2022 |
| ശ്രീമതി.ധന്യ.കെ | വി.ഇ.ഒ | 29-05-2022 | 09-03-2023 |
| ശ്രീ.രഞ്ജുമോൻ.സി | വി.ഇ.ഒ | 10-03-2023 | 31-03-2023 |
| ഡോ.ബൈജു.എം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹബീനത്ത്.യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ജനീഷ .പി അഹമ്മദ് | വെറ്റിനറി സർജൻ | 01-04-2022 | 22-06-2022 |
| ഡോ.രമ്യ രവീന്ദ്രൻ | വെറ്റിനറി സർജൻ | 23-06-2022 | 31-03-2023 |
| ശ്രീ.അബ്ദു റഹിമാൻ.എം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുസ്മിത .എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗ്രേസി.കെ.പി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-01-2023 |
| ശ്രീമതി.ചിഽചുമോൾ.എ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-02-2023 | 31-03-2023 |
| ശ്രീമതി.അനഘ.എ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-06-2022 |
| ശ്രീ.മിഥുൻ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-06-2022 | 03-01-2023 |
| ശ്രീ.നസീം അബ്ദുറഹിമാൻ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-01-2023 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തിയില്ല. | 1-1-5 |
| 7 | വാർഷിക കണക്ക്, ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ്-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | തൊഴിൽ നികുതി-സ്ഥാപനങ്ങൾ/പ്രൊഫഷനൽസ്/ട്രേഡേഴ്സ് തുക രജിസറ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | രജിസറ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല | 1-1-8 |
| 10 | രജിസ്റ്ററുകൾ/രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക നില | 1-3 |
| 13 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം. | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 20 | നിക്ഷേപ പ്രവൃത്തി അവലോകനം | 1-11 |
| 21 | തനത് വരുമാനം-അവലോകനം | 1-12 |
| 22 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 23 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 24 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-15 |
| 25 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് സംബന്ധിച്ച്. | 1-16 |
| 26 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല. | 1-17 |
| 27 | അനധികൃത മൊബൈൽ ടവറുകൾ -വലിയ തോതിലുള്ള വരവ് നഷ്ടം | 1-18 |
| 28 | KMSCL-ൽ നിന്നല്ലാതെ മരുന്നുകൾ വാങ്ങുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-19 |
| 29 | മരുന്ന് ലഭ്യമാവാൻ അവശേഷിക്കുന്നു | 1-20 |
| 30 | ഡി.പി.സി റിസോഴ്സ് സെന്റർ വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല. | 1-21 |
| 31 | റിജക്റ്റഡ് വേസ്റ്റ് ശേഖരിക്കുന്നതിന് നേച്ചർ ഗാർഡ് കമ്പനിക്ക് തുക കൈമാറൽ -അപാകതകൾ | 1-22 |
| 32 | പഞ്ചായത്ത് പുറമ്പോക്ക് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-23 |
| 33 | പ്രയോജനകരമല്ലാത്ത പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നു. | 1-24 |
| 34 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല. | 1-25 |
| 35 | തദ്ദേശ സ്വയം ഭരണ ദിനാഘോഷം - വിനിയോഗ വിവരം ലഭ്യമല്ല | 1-26 |
| 36 | ബാലസഭ സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു | 1-27 |
| 37 | പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 38 | പട്ടിക വർഗ്ഗ വിവാഹധന സഹായം - അപാകതകൾ | 1-29 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമല്ല. | 1-30 |
| 40 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം പദ്ധതികൾ– അപാകതകൾ | 1-31 |
| 41 | SC വനിതകൾക്ക് ആട് വിതരണം-അപാകതകൾ | 1-32 |
| 42 | വനിതകൾക്ക് പശു വിതരണം- അപാകതകൾ | 1-33 |
| 43 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ– സ്റ്റോക്ക് അപാകതകൾ | 1-34 |
| 44 | കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ഉപകരണങ്ങൾ വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റും ലഭ്യമാക്കിയില്ല. | 1-35 |
| 45 | അങ്കണവാടികൾക്ക് കളിക്കോപ്പുകൾ, തെറാപ്പി ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്തില്ല. | 1-36 |
| 46 | ലൈഫ് ഭവന നിർമ്മാണം ആരംഭിച്ചില്ല. | 1-37 |

| | | |
|---|---|---|
| 47 | എസ് എസ് എ വിഹിതം അടവാക്കൽ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-38 |
| 48 | എം.ജി.എൻ.ആർ.ഇ.ജി.എസ് നിയമനത്തിൽ സംവരണം പാലിച്ചിട്ടില്ല | 1-39 |
| 49 | ഇ ടെണ്ടർ - എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ തിരികെ ലഭ്യമാക്കിയിട്ടില്ല. | 1-40 |
| 50 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ വലിയ നീക്കിയിരിപ്പ് അവശേഷിക്കുന്നു. | 1-41 |
| 51 | വൃദ്ധർക്ക് ഹിയറിംഗ് എയിഡ് നൽകൽ - അപാകതകൾ | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-07-2023 ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം:
തീയതി:

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (12202266) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (35472542) തുല്യമല്ല.

### 1-1-5 ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തിയില്ല.

ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-6 വാർഷിക കണക്ക്, ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ്-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

Rp 40(b) പ്രകാരം LGTSB 799013000000625 അക്കൗണ്ടിൽ വർഷാവസാന നീക്കിയിരിപ്പ് 15000/- രൂപയുണ്ട്. എന്നാൽ ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ്/റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് ഇല്ല.

### 1-1-7 തൊഴിൽ നികുതി-സ്ഥാപനങ്ങൾ/പ്രൊഫഷനൽസ്/ട്രേഡേഴ്സ് തുക രജിസറ്ററുമായി പൊരുത്തപ്പെടുന്നില്ല.

ലൈസൻസ് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തം പ്രകാരം തൊഴിൽ നികുതി സ്ഥാപനങ്ങൾ/പ്രൊഫഷനൽസ്/ട്രേഡേഴ്സ് ഇനത്തിൽ 211900 രൂപയാണ് മുൻകൂർ കളക്ഷൻ. എന്നാൽ മുൻവർഷ വാർഷിക കണക്ക് പ്രകാരം 183500 രൂപയാണ് മുൻകൂർ കളക്ഷൻ.

### 1-1-8 രജിസറ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല

ചുവടെ ചേർത്ത രജിസറ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ലാത്തതിനാൽ ടി ഇനങ്ങളിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

A) തൊഴിൽ നികുതി രജിസ്റ്റർ, B) വാടക രജിസ്റ്റർ, C) ഡെപ്പോസിറ്റ് രജിസറ്റർ, D) അഡ്വാൻസ് രജിസ്റ്റർ, E) ലേലം രജിസ്റ്റർ, F) പെർമിറ്റ് രജിസ്റ്റർ, G)

സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസറ്റർ, H) ലോൺ രജിസ്റ്റർ.

## 1-1-9 രജിസ്റ്ററുകൾ/രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായില്ല.

ചുവടെ ചേർത്ത ഇനങ്ങളിൽ വാർഷിക കണക്കിൽ ചേർത്ത തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് രേഖകൾ/രജിസ്റ്റർ/ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വരവ് ഇനം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുക |
|---|---|---|
| 1 | ഓഡിറ്റ് റിക്കവറി | 253511 |
| 2 | ബസ് സ്റ്റാൻഡ് വരവ് | 38000 |
| 3 | റോഡ് കട്ടിംഗ് ചാർജ്ജ് | 101771 |
| 4 | Other Fees | 115575 |

**1-1-10 വാടക കുടിശ്ശിക തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

എ.എഫ്.എസ്.പ്രകാരം തൻവർഷ വാടക കുടിശ്ശിക (B-15) 218827 രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ, രജിസ്റ്റർ എന്നിവ പ്രകാരം ഇത് 2,55,600 രൂപയാണ്. മുൻവർഷ വാർഷിക കണക്ക് പ്രകാരമുള്ള മുൻവർഷങ്ങളിലെ കടിശ്ശിക തുകയായ 13,21,489 രൂപയിൽ തൻവർഷം 1,08,012 രൂപ മാത്രമാണ് പിരിച്ചെടുത്തത്. ഇത് പ്രകാരം ഈയിനത്തിലെ കുടിശ്ശിക 12,13,477 രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ഇത് 10,72,514 ആണ്.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 25.03.2022 | 2(1)- 23.03.2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 30235907 |
| വരവ് | 198440157 |
| ആകെ | 228676064 |
| ചെലവ് | 186237891 |
| നീക്കിയിരിപ്പ് | 42438173 |

കുറിപ്പ്: ആകെ വരവ് RP+ACR+EFMS+Pension (I14d)
ചെലവ് RP+ACR+EFMS-Pension (I14d)

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22339854 | 22339854 | 20671346 | 1668508 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9273990 | 9273990 | 8745243 | 528747 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 94033 | 94033 | 93525 | 508 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5866300 | 5866300 | 4346007 | 1520293 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6173000 | 6173000 | 5105802 | 1067198 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 10890837 | 10890837 | 5580991 | 5309846 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ റൈഡ്) | 0 | 3996000 | 3996000 | 4329614 | -333614 |

13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ് ബേസിക്) ലെ ACR പ്രകാരമുള്ള നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 308 | 132476507 | 286 | 80687096 | 57 | 22 | 92.85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 27756 | 489701 | 517457 | 45728 | 471729 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36040844 | 36040844 | 36040844 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 3 |
| കർഷക തൊഴിലാളി പെൻഷൻ | 11759100 | 916 |
| വിധവാപെൻഷൻ | 14087800 | 1106 |
| വാർദ്ധക്യകാലപെൻഷൻ | 25987300 | 2315 |
| വികലാംഗപെൻഷൻ | 7511700 | 586 |
| വിവാഹധനസഹായം | 180000 | 6 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 763200 | 63 |
| നെല്ല് കർഷകർക്കുള്ള ധനസഹായം | 30000 | . |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2023 ന് 2-30 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28372/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.വിവിധ ഏജൻസികളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയപ്പോൾ പ്രവൃത്തികളുടെ തുടർനടപടിയും പൂർത്തീകരണവും നിരീക്ഷിക്കുന്നതിനായി മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. മുൻകൂർ തുക നൽകുന്ന പ്രവൃത്തികളിലും പെമെന്റ് നൽകിയതിനു ശേഷം ILGMSൽ ഫയൽ ക്ലോസ് ചെയ്യുന്നതിനാൽ തുടർ നിരീക്ഷണം സാധ്യമല്ലാതെ വരുന്നു.
2.ഗ്രാമപ്പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരുടെ വിവരങ്ങൾ ഉൾകൊള്ളുന്ന മാസ്റ്റർ ഇൻകുംമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3.ഗ്രാമപ്പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4.അഡ്വാൻസ് രജിസ്റ്റർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2022 | 09/2022 | 13.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.11.2016-15.11.2016 | 2011-12 To 2015-16 | 2.2.2017 |

## 1-11 നിക്ഷേപ പ്രവൃത്തി അവലോകനം

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തു വരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് ചെയ്ത തുക പൂർണമായും തിരികെ നൽകുകയോ , പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുകയോ ചെയ്യുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സുലേഖ സോഫ്റ്റ്

വെയറിൽ നിന്നുള്ള വിവരങ്ങൾ,മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്ര.നം** | **സാമ്പത്തിക വർഷം** | **പ്രൊജക്റ്റ് പേര്** | **Impl Code** | **ഏജൻസി** | **മുൻകൂർ നൽകിയ തുക/ ഫണ്ട്** | **ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം)** | **ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹)** |
|---|---|---|---|---|---|---|---|
| 1 | 2016-17 | 292 കരിയാത്തൻ കുഴി നിർദിഷ്ട ഐ.ടി.ഐ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(General) - 100000 | 0 | 100000 വിനിയോഗ വിവരം ലഭ്യമല്ല |
| 2 | 2016-17 | 293 മണ്ണാറക്കുഴി ചോലക്കര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(General) - 50000 | 0 | 50,000 വിനിയോഗ വിവരം ലഭ്യമല്ല |
| 3 | 2016-17 | 304 മണ്ണറോട്ട് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund (General) - 150000 | 0 | 1,50,000 വിനിയോഗ വിവരം ലഭ്യമല്ല |
| 4 | 2016-17 | 305 താഴെ പറമ്പ് എറക്കോട്ടിൽ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(General) - 150000 | 0 | 150000 വിനിയോഗ വിവരം ലഭ്യമല്ല |
| 5 | 2016-17 | 306 വെളുമ്പിലാംകുഴി പനമ്പുറം ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant) - 100000 | 0 | 100000 വിനിയോഗ വിവരം ലഭ്യമല്ല |
| 6 | 2016-17 | 308 ചീടിക്കുഴി തടായി പുൽപ്പറമ്പ് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(General) - 100000 | 0 | 100000 വിനിയോഗ വിവരം ലഭ്യമല്ല |
| 7 | 2016-17 | 309 അട്ടൂർപ്പാറായി ആല്യംകണ്ടി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 5101 , Development Fund(General) - 84899 | 0 | 90,000 വിനിയോഗ വിവരം ലഭ്യമല്ല |
| 8 | 2016-17 | 312 വെട്ടുത്തൂർ ഐലാക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 100000 | 0 | 100000 വിനിയോഗ വിവരം ലഭ്യമല്ല |
| 9 | 2017-18 | 17 എടവണ്ണപ്പാറ അംഗനവാടി നിർമ്മാണം | SEC | കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | Own Fund - 580000 | 0 | 580000 വിനിയോഗ വിവരം ലഭ്യമല്ല |
| 10 | 2017-18 | 288 അവിഞ്ഞിക്കാട് മനപ്പാട്ട് ഭാഗത്തേക്ക് | SEC | കേരളാ വാട്ടർ അതോറിറ്റി | **Development Fund(CFC Basic Grant ) - 145733** | **0** | 145733 വിനിയോഗ വിവരം ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പൈപ്പ് ലൈൻ നീട്ടൽ | | | | | |
| 11 | 2017-18 | 289 മേലേകുന്നത്ത് - ഒരലാശ്ശേരി ചീടിക്കുഴി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 100000 | 0 | 100000 വിനിയോഗ വിവരം ലഭ്യമല്ല |
| 12 | 2017-18 | 290 ചെറുവട്ടപുറം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund (CFC Basic Grant) - 100000 | 0 | 100000 വിനിയോഗ വിവരം ലഭ്യമല്ല |
| 13 | 2018-19 | 282 മായിപ്പൊയിൽ കടിവെള്ള പദ്ധതി - ഇലക്ട്രിഫിക്കേഷൻ | SEC | കേരളാ വാട്ടർ അതോറിറ്റി | Own Fund - 162481 | 0 | 162481 വിനിയോഗ വിവരം ലഭ്യമല്ല |
| 14 | 2018-19 | 307 കൊടപ്പറമ്പ് കള്ളിക്കാട് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 150000 | 0 | **150000 വിനിയോഗ വിവരം ലഭ്യമല്ല** |
| 15 | 2018-19 | 308 ചീടിക്കുഴി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 156000 | 0 | **156000 വിനിയോഗ വിവരം ലഭ്യമല്ല** |
| 16 | 2018-19 | 309 ഓട്ടുപ്പാറ അനന്തായൂർ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 100000 | 0 | **100000 വിനിയോഗ വിവരം ലഭ്യമല്ല** |
| 17 | 2018-19 | 310 കളത്തിങ്ങൽ പുറായി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 75000 | 0 | **75000 വിനിയോഗ വിവരം ലഭ്യമല്ല** |
| 18 | 2018-19 | 312 ആവുഞ്ഞിക്കാട്ട് പറമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 100000 | 0 | **100000 വിനിയോഗ വിവരം ലഭ്യമല്ല** |
| 19 | 2018-19 | 313 പുളിക്കത്തൊടി കരുവാടി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 100000 | 0 | **100000 വിനിയോഗ വിവരം ലഭ്യമല്ല** |
| 20 | 2019-20 | 7 ചീക്കോട് കടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 1114000 | 0 | 114000 **വിനിയോഗ വിവരം ലഭ്യമല്ല** |
| 21 | 2019-20 | 279 അച്ചുത്ത് , കോലോത്തും പറമ്പ് ഭാഗത്തേക്ക് കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - അധിക തുക നൽകൽ | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Basic Grant ) - 17000 | 0 | 17000 **വിനിയോഗ വിവരം ലഭ്യമല്ല** |
| 22 | 2020-21 | 282 എസ് സി കോളനികളിലേക്ക് കടിവെള്ള പൈപ്പ് | SEC | കേരളാ വാട്ടർ അതോറിറ്റി | Development Fund(S.C.P) - 750000 | 0 | 750000 **വിനിയോഗ വിവരം ലഭ്യമല്ല** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ലൈൻ നീട്ടൽ | | | | | |
| 23 | 2020-21 | 373 ജൽജീവൻ പദ്ധതി Household Tap Connection പദ്ധതി | SEC | കേരളാ വാട്ടർ അതോറിറ്റി | 525000 | 0 | 750000 **വിനിയോഗ വിവരം ലഭ്യമല്ല** |
| 24 | 2021-22 | 303 കെഎ റഹ്മാൻ ലൈബ്രറിക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ | SEC | അനർട്ട്(ടിഇഎസ്എം പ്രോജക്ടുകൾ മാത്രം) | Maintenance Fund - Non-road Assets - 300000 , Own Fund - 74000 | 0 | **374000 വിനിയോഗ വിവരം ലഭ്യമല്ല** |
| 25 | 2021-22 | 423 ഫാമിലി ഹെൽത്ത് സെന്ററിൽ സോളാർ പാനൽ സ്ഥാപിക്കൽ | MO PHC | അനർട്ട്(ടിഇഎസ്എം പ്രോജക്ടുകൾ മാത്രം) | Maintenance Fund - Non-road Assets - 1073680 | 0 | 1073680 വിനിയോഗ വിവരം ലഭ്യമല്ല |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/6.11.23 ന് മറുപടി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ചെലവഴിക്കാത്ത തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-12 തനത് വരുമാനം-അവലോകനം

തനതു വരുമാനം- വാഴക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 14 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. 22-23 വർഷത്തെ വസ്തു നികുതി 100% പിരിക്കുന്നതിനു വേണ്ടി നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിച്ചുണ്ടെങ്കിലും വസ്തു നികുതി പിരിവ് 93.8% മാത്രമേ കൈവരിച്ചിട്ടുള്ളൂ.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാഴക്കാട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 26.04.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3/2 നമ്പർ തീരുമാന പ്രകാരം 24.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 26.04.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3/2 നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവിലും പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 27.09.2023 ലെ 1/1 ഭരണസമിതി തീരുമാന പ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 974 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും 19 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

അനധികൃത മൊബൈൽ ടവറുകൾ-വലിയ വസ്തുനികുതി നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ അഞ്ചിലധികം ടെലഫോൺ ടവറുകൾ അനധികൃതമായിട്ടാണ് പ്രവർത്തിച്ച് വരുന്നത് എന്ന് ഓഡിറ്റ് സ്ഥലപരിശോധനയിൽ വ്യക്തമാക്കിയിട്ടുള്ളതും ഇക്കാര്യം റിപ്പോർട്ടിൽ 1-18 ഖണ്ഡികയിൽ വിശദമായി പരാമർശിച്ചിട്ടുള്ളതുമാണ്. ഇത്തരം ടവറുകൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കാത്തതിനാൽ വലിയ തോതിലുള്ള വസ്തുനികുതി നഷ്ടം തന്നെ ഗ്രാമപഞ്ചായത്തിന് സംഭവിക്കുന്നുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

വാഴക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും

തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

4) പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല.ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 562 സ്ഥാപനങ്ങളിൽ നിന്നായി 3,63,700/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

വാടക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 കടമുറികൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്.ആയത് ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**രജിസ്ട്രേഷൻ ഫീസ്**

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 3700/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. 2022-2023 വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷത്തിൽ ഈ ഇനത്തിൽ 450/- രൂപയാണ് വരവ് വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും കണ്ടെത്തി അവയിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

റെഗുലറൈസേഷൻ ഫീസ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയതുമായും വാടക പിരിവുമായും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസവാടക | ഈടാക്കാൻ അവശേഷിക്കുന്ന വാടക |
|---|---|---|---|---|
| 1 | എം.ടി അബ്ദു റഹിമാൻ | 11/6 | 2743 | 2743x6=16458 |
| 2 | മാനേജർ,സപ്ലൈക്കോ ഡിപ്പോ കാക്കഞ്ചേരി | 11/12,13 | 1529 | 1529x12=18348 |
| 3 | റഷീദലി കാര്യോട്ട് | 11/25 | 6876 | 6876x12=82512 |
| 4 | സമീർ പട്ടാക്കൽ | 11/2A | 1174 | 1174x3=3522 |
| 5 | റഹ്മത്തുള്ള .പി.ടി | 11/4A | 1247 | 1247x12=14964 |
| 6 | നിഹ്മത്തുള്ള .പി | 11/7A | 1174 | 1174x6=7044 |
| 7 | അബ്ദുൽ ഗഫൂർ.ടി.ടി | 11/13A | 1796 | 1796x12=21552 |
| 8 | പ്രകാശൻ.എൻ,ദിവ്യശ്രീ.പി.വി | 11/13A1 | 7600 | 7600x12=91200 |
| ആകെ | | | | 255600/- |

2) 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ( ഷെഡ്യൂൾ ബി-15 ) 1321489/- രൂപ മുൻവർഷങ്ങളിലെ വാടകയായി പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നെങ്കിലും 108012/-രൂപ മാത്രമേ തൻവർഷം പിരിച്ചെടുത്തിട്ടുള്ളു. കുടിശികയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയ യതൊരു രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടില്ല . കുടിശ്ശികയുടെ വിശദ വിവരങ്ങൾ, കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) വാടക സംബന്ധിച്ച ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/22-23/09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1) താഴെപ്പറയുന്ന കടമുറികളുടെ 2022-23 ലെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

## 1-14 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | 2022-23ൽ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | വില്ലേജ് ഓഫീസ്, വാഴക്കാട് | II |
| 2 | ജി.എച്ച്.എസ്, വാഴക്കാട് | II |
| 3 | ദാരുൽ ഉലൂം ട്രെയിനിംഗ് കോളേജ്, എടവണ്ണപ്പാറ | I,II |
| 4 | പോസ്റ്റ് ഓഫീസ്, വാഴക്കാട് | I,II |
| 5 | അൽ അമീൻ പോളി ക്ലിനിക്ക് | I,II |
| 6 | ഡോ.നിഖിൽ ഹോമിയോ ഡിസ്പെൻസറി | I,II |
| 7 | സാസ് കോ പെട്രോളിയം (നയാര) | I |
| 8 | മലബാർ ഹജ്ജ് ഗ്രൂപ്പ്. | I, II |
| 9 | BSNLl, വാഴക്കാട് | I,II |

2) സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | 2022-23ൽ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് മൈക്രോ ലിമിറ്റഡ് | I, II |
| 2 | വാഴക്കാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്. | II |
| 3 | കെ.എസ്.ഇ.ബി,വാഴക്കാട് | I, II |
| 4 | BSNL വാഴക്കാട് | I, II |

3. 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വാഴക്കാട്

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഫസലുൽഹഖ്.എം.ഇ |
| 2 | ജാസിദ് .എം.ഇ |
| 3 | അബ്ദുസ്സലാം.എം |
| 4 | മുഹമ്മദാലി.ഇ |
| 5 | റഹ്മത്തുള്ള.എം.ഇ |
| 6 | അബ്ദുൽജബ്ബാർ.കെ.പി |
| 7 | ഹബീബ് റഹ്മാൻ |
| 8 | റഫീഖ്.സി |
| 9 | മൂസക്കുട്ടി.പി.പി |
| 10 | മുഹമ്മദാലി കോയക്കുട്ടി |
| 11 | അൻസിൽ മുഹമ്മദ് ഹസ്സൻ |
| 12 | സലിം.സി.സി |
| 13 | അബ്ദു.എം |
| 14 | അബ്ദു നാസർ |
| 15 | അൻവർ സാദത്ത് |
| 16 | മുഹമ്മദ്. |
| 17 | അബ്ദു റഹിമാൻ .കെ |
| 18 | മിഷാൽ.സി.എ |
| 19 | അബ്ദുൽ ഹമീദ് |
| 20 | ജംഷീർ.എം.ടി.സി |
| 21 | മുഹമ്മദ് ബഷീർ.എം.പി |
| 22 | സലീൽ.പി |

| | |
|---|---|
| 23 | മുഹമ്മദ് സലിം.കെ.എ |
| 24 | അഹമ്മദ് കുട്ടി |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ, ജീവനക്കാർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/22-23/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ വസ്തുനികുതി നിരക്ക് പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്കായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ പഞ്ചായത്ത് പരിധിയിലെ ആനിഷ ആസിഫ്.പി.വി എന്നവർക്ക് നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ഫോം.6 പരിശോധിച്ചതിൽ (ഫയൽ ലഭ്യമാക്കിയിട്ടില്ല) വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് /കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച.മീ) | നിലവിൽ ₹30/- നിരക്കിൽ നിശ്ചയിച്ച നികുതി = അടിസ്ഥാന വസ്തുനികുതി+20% വർദ്ധനവ് (വഴിസൗകര്യം) | ₹50/- നിരക്കിൽ നിശ്ചയിച്ചാലുള്ള നികുതി(₹) | നികുതിയിലെ കുറവ് (₹) |
|---|---|---|---|---|
| 11/511 A | GF-54.6 ച.മി | (1966 + 99 LC) | (3276 + 164 LC) | 4260+213LC |
| 11/511 B | GF-54.6 ച.മി | 1966 + 99 LC | 3276 + 164 LC | |
| 11/511 C | GF-54.6 ച.മി | 1966 + 99 LC | 3267 + 164 LC | |
| 11/511 D | FF-5.17 ച.മി | 5.17x30+31.02-9.3 =177+8.8 LC | (5.17x50x120%x95%) = 296+15LC | |
| 11/511 D | FF-5.17 ച.മീ | 5.17x30+31.02-9.3 = 177+8.8 LC | 5.17x50x120%x95% = 296+15 LC | |
| 11/511 D | | 5.17x30+31.02-9.3 =177 + 8.8 LC | 5.17x50x120%x95% =296+15 LC | |
| | ആകെ | 6429+324 LC | 10689+537 LC | |

വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതും ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

എൻക്വയറി നമ്പർ-23/22-23/13.11.2023 .

## 1-16 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് സംബന്ധിച്ച്.

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് 2022-23ൽ ലൈസൻസ് അനുവദിച്ചതും പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യാത്തതുമായി

കാണുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം, ലൈസൻസി |
|---|---|---|
| 1 | 88 | ദന്താശുപത്രി-ഡോ. നസീം കെ.ടി |
| 2 | 93 | ദന്താശുപത്രി-ഡോ. ഫസൽ എം.പി |
| 3 | 97 | ഡോക്ടേഴ്സ് ലാബ്, ശ്രീമതി. സൈഫുന്നിസ. |
| 4 | 125 | മെഡിക്കൽ ലാബ്, ശ്രീ. റഹ്മത്തുള്ള കെ.ടി |
| 5 | 508 | ഗൾഫ് ലാബ്&സ്കാൻ, ശ്രീ. അബ്ദുസ്സലാം. |
| 6 | 517 | ജീവൻ ലാബ്, ശ്രീ. മുജീബ് റഹ്മാൻ. |

മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 10/09.11.23ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കി രജിസ്റ്റർ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/09.11.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നില്ല എങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതും അല്ലായെങ്കിൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 അനധികൃത മൊബൈൽ ടവറുകൾ -വലിയ തോതിലുള്ള വരവ് നഷ്ടം

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പടെ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങളും പരിശോധിച്ചു.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.02/2022-23 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരവും, സഞ്ചയ രേഖകൾ പ്രകാരവും നിലവിൽ ഗ്രാമപഞ്ചായത്തിൽ ആകെ ചുവടെ ചേർത്ത മൂന്ന് വാർത്താ വിനിമയ ഗോപുരങ്ങളാണ് നമ്പർ അനുദിച്ചതായി ഉള്ളത്. ഇവക്ക് വസ്തു നികുതി കുടിശ്ശികയുണ്ടെങ്കിൽ അക്കാര്യം അറിയിക്കാൻ എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | നമ്പർ അനുവദിച്ച/ നികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|
| 1 | 2/467 G | ഇൻഡസ് ടവേഴ്സ്-കൊച്ചി | 2020 രണ്ടാം അർദ്ധ വർഷം |
| 2 | 11/968 A | ഇൻഡസ് ടവേഴ്സ്-കൊച്ചി | 2012 രണ്ടാം അർദ്ധ വർഷം |
| 3 | 18/267 | ഭാരതി എയർടെൽ ലിമിറ്റഡ് | 1997 ഒന്നാം അർദ്ധ വർഷം |

ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2016-17 മുതൽ 2022-23 വരെ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണം 8 ആണ്. ഇതിൽ മൂന്ന് എണ്ണത്തിന് പെർമിറ്റ് അനുദിക്കുകയും, ആയതിൽ ഒരു ടവറിന് മാത്രമാണ്(മുകളിലെ പട്ടികയിലെ ക്രമ നം.1) നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ളത് എന്ന് കണ്ടതിൽ , ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2022-23/09.11.2023 പ്രകാരം ചുവടെ ചേർത്ത ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നതാണ്. ഫയലുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി ടവറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ 14.11.2023ന് ഗ്രാമപഞ്ചായത്തിലെ പ്രൊജക്ട് അസിസ്റ്റന്റിന്റെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം. | ഇൻവാർഡ് നം | പെർമിറ്റ് നം/നോട്ടീസ് വിവരം | സർവ്വേനം/വാർഡ് നം | അപേക്ഷകന്റെ/കമ്പനി പേര് | **സ്ഥല പരിശോധനയിലെ കണ്ടെത്തൽ** |
|---|---|---|---|---|---|---|
| 1 | 2016-17/383 | 1363/17 /27.02.17 | - | സ.നം-310/7 | റിലയൻസ് ഇൻഫോകോം | ഫയൽ ലഭ്യമാക്കുകയോ സൈറ്റ് ഓഡിറ്റിന് കാണിച്ച് തരുകയോ ചെയ്യിട്ടില്ലാത്തതിനാൽ ടി സ്ഥലത്ത് ടവർ പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിക്കാനായിട്ടില്ല. |
| 2 | 2017-18/294 | 9862/20.12.17 | 15.01.18ന് നോട്ടീസ് നൽകി | സ.നം-13/501 | ഇൻഡസ് ടവേഴ്സ്-കൊച്ചി | |
| 3 | 2018-19/235 | 8016/01.10.18 | പെർമിറ്റ് നം. 13120/18 /20.01.19 | സ.നം. 244/13,2. വാർഡ് നം- 4 | റിലയൻസ് ജിയോ ലിമിറ്റഡ് | 1) ഈ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>2) ടവറുകളുടെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>3)നിർമ്മിതികൾക്ക് കാലപ്പഴക്കമുള്ളതായി വ്യക്തമാകുന്നുണ്ട്.<br>4) ക്രമ നം.3,4 എന്നിവക്ക് ചുറ്റുമതിൽ/വേലി സ്ഥാപിച്ചിട്ടില്ല. |
| 4 | 2018-19/436 | 1651/19 /23.02.19 | - | സ.നം. 304/7-3-1.വാർഡ് നം- 7 | ഇൻഡസ് ടവേഴ്സ്-കൊച്ചി | |
| 5 | 2019-20/11 | 2885/12.04.19 | A2-BA(86280)/2019 /04.05.19. | BL 18/244/1-2,1-8. വാർഡ് നം. 4 | എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലിമി. | |
| 6 | 2019-20/356 | 2411/13.03.20 | Regularised On BL356/19-20 /06.07.2020 | | | |
| 7 | 2018-19/383 | 215/19 /14.01.19 | 11.02.19ന് നോട്ടീസ് നൽകി | സ.നം. 76/28. വാർഡ് നം- 2 | റിലയൻസ് ഇൻഫോകോം-കൊച്ചി | പരിശോധിച്ചിട്ടില്ല, ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നാണ് സെക്ഷൻ വാക്കാൽ അറിയിച്ചത്. |

<u>കുറിപ്പ്:</u> ക്രമ നം. 5, 6 എന്നിവ ഒരേ സൈറ്റിലുള്ള ടെലഫോൺ ടവറുകൾ ആണോ അതോ ഒരേ ടവറിന്റെ തന്നെ പെർമിറ്റ് അപേക്ഷ രണ്ട് തവണയായി വന്നതാണോ എന്നത് വ്യക്തമാക്കിയിട്ടില്ല. ക്രമ നമ്പർ 6 ക്രമവൽക്കരിച്ചതായി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന് നമ്പർ നൽകി നികുതി ചുമത്തിയതായി കണ്ടില്ല.

ടെലഫോൺ ടവറുകളുടെ അനധികൃത നിർമ്മാണവും നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതും കണ്ടെത്തുന്നതിന് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ച് കൊണ്ട് 2014ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ഉള്ളതും, പെർമിറ്റ് അനുവദിച്ചെങ്കിലും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകാതെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വിവിധ മൊബൈൽ ടവറുകൾ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നതായി അറിയുന്നതായും ഇത് ഗ്രാമപഞ്ചായത്തുകൾക്ക് വലിയ റവന്യൂ നഷ്ടം വരുത്തുന്നതായും ഇത്തരം ടവറുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് അടിന്തിരമായി ലഭ്യമാക്കി ടവറുകൾ പ്രവർത്തനം ആരംഭിച്ചത് മുതലുള്ള വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അസി. ഡയറക്ടർ- മലപ്പുറം, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളോടും 09.11.2022ന് ഇ മെയിൽ മുഖേന നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

മേൽ രണ്ടാമത്തെ പട്ടികയിലെ മൊബൈൽ ടവറുകളുടെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഇത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾക്ക് മറുപടി/ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1) ക്രമ നം.1, 2 എന്നീ ടവറുകളുടെ സ്ഥലത്ത് നിർമ്മാണം നടന്നിട്ടുണ്ടോ/ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നത് നേരിട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2) ക്രമ നം. 3, 5, 6 എന്നീ ടവറുകൾ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നതിനാലും പെർമിറ്റ് കാലാവധി അവസാനിച്ചതിനാലും ആയവ

പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3) പെർമിറ്റ് ലഭ്യമാകാതെ നിർമ്മാണം നടത്തി പൂർത്തീകരിച്ച് പ്രവർത്തിക്കുന്ന ക്രമ നം. 4 ടവർ അനധികൃത നിർമ്മാണമായി കണക്കാക്കി വസ്തു നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള മൂന്ന് ഇരട്ടി വസ്തു നികുതി ഈടാക്കി UA നമ്പർ നൽകി/ക്രമവൽക്കരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

4) ക്രമ നം.7 പ്രകാരമുള്ള ടവർ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് വിവരം എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 KMSCL-ൽ നിന്നല്ലാതെ മരുന്നുകൾ വാങ്ങുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ (66/23) എന്ന പ്രൊജക്റ്റിൽ മരുന്ന് വാങ്ങുന്നതിനു താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | ബിൽ നമ്പർ | തുക | സ്ഥാപനം | ഇൻവോയിസ് |
|---|---|---|---|---|
| 1 | 22151052038600975088/29.12.2022 | 70683 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ | 2223238108069/20.12.2022 |
| 2 | 22151052038600550637/26.08.2022 | 133930 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ സപ്ലൈക്കോ | 2223238103282/12.07.2022-78772/-<br>2223238103838/01.08.2022-55158/- |
| 3 | 22151052038601396277/18.03.2023 | 182310 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ | 2223238110487/13.03.2023 |
| 4 | 221510520318601496481/27.03.2023 | 81320 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ | 2223238110815/23.03. |
| 5 | 221510520386011991157/16.02.2023 | 231757 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ | 2223238108542/06.01.2023-181661/- |
| | | | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് | OMM 0233/26.12.22-40696/-<br>OMM 0263/02.01.2023-9400/- |
| | | 700000 | | |

പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/തസ്വഭവ തിയ്യതി 28.5.2022 ഖണ്ഡിക 7.6.4പ്രകാരം മരുന്ന് വാങ്ങുന്നതിനു താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങിക്കരുത്.

2. കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷൻ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവിടങ്ങളിൽനിന്ന് മാത്രമേ മരുന്ന് വാങ്ങിക്കാവൂ.

3. ഇവിടെനിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ മാത്രം അത്യാവശ്യ മരുന്നുകൾ സപ്ലൈക്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്.

മുകളിൽ പരാമർശിച്ച പർച്ചേസുകളിൽ മരുന്നുകൾ അത്യാവശ്യമായിരുന്നു എന്നത് സംബന്ധിച്ച റിപ്പോർട്ട് , ക്രമനമ്പർ 2 ഒഴികെയുള്ളവക്ക് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-25/22-23/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മരുന്ന് ലഭ്യമാവാൻ അവശേഷിക്കുന്നു

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ഹോമിയോ),

| പ്രൊജക്ട് | ചെക്ക്/ബിൽ നം./തി | തുക | ഫണ്ട് |
|---|---|---|---|
| 60/23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 22151052038701155865/08.02.23 | 500000 | MG (NR) |

PF 1179/21.01.23 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ടി തുക ഒടുക്കിയതിനെ തുടർന്ന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും LF-922/08.08.2023 ഇൻവോയ്സ് മുഖേന 276428 രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. 223572 രൂപയുടെ മരുന്ന് ലഭ്യമാകാനവശേഷിക്കുന്നുണ്ട്. നിലവിൽ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. എൻക്വയറി നമ്പർ-14/22-23/09.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഡി.പി.സി റിസോഴ്സ് സെന്റർ വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ഡി.പി.സി റിസോഴ്സ് സെന്റർ കെട്ടിട **നിർമ്മാണം-** വിഹിതം നൽകൽ പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പറും പ്രൊജക്റ്റിന്റെ പേരും | വൗച്ചർ നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|
| 116/23 ഡി.പി.സി റിസോഴ്സ് സെന്റർ കെട്ടിടം**നിർമ്മാണം- പഞ്ചായത്ത്** വിഹിതം നൽകൽ | 22200649/ 7.1.23 | 2,00,000 തനത് ഫണ്ട് | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ DDP-MPM/3203/19/D8/18.7. 22 കത്ത് പ്രകാരം തുക പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടെങ്കിലും,കൈപറ്റ്,വിനിയോഗ വിവരം എന്നിവ ലഭ്യമായിട്ടില്ല. |
| 364/23 ഡി.പി.സി റിസോഴ്സ് സെന്റർ കെട്ടിടം**നിർമ്മാണം- പഞ്ചായത്ത്** വിഹിതം നൽകൽ | 174/ 20.12.22 | 23910 വികസന ഫണ്ട് ജനറൽ | |
| | | 2,23,910 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വിനിയോഗ വിവരം ലഭ്യമായിട്ടില്ല എന്ന് കണ്ടു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/8.11.22 ന് മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 റിജക്റ്റഡ് വേസ്റ്റ് ശേഖരിക്കുന്നതിന് നേച്ചർ ഗാർഡ് കമ്പനിക്ക് തുക കൈമാറൽ -അപാകതകൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ "ഹരിത കർമ്മ സേന ശേഖരിച്ച മാലിന്യം കയറ്റി അയക്കൽ" **(നം.115/23)** എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 'ടെണ്ടർ മുഖേന നിശ്ചയിച്ച (ഭരണ സമിതി തീരുമാനം നമ്പർ 40(1)/31.5.22) നേച്ചർ ഗാർഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാനത്തിന് പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ ഒരു കിലോഗ്രാം മാലിന്യം കൊണ്ടുപോകുന്നതിന് താഴെ കൊടുത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/ഫണ്ട് | തുക |
|---|---|
| 23/16.6.2022 ധനകാര്യകമ്മീഷൻ അവാർഡ് (5.75x35530) | 204297 |
| 96/30.9.22 ധനകാര്യകമ്മീഷൻ അവാർഡ് (53300x5.75) | 306475 |
| 491/30.3.23 ധനകാര്യകമ്മീഷൻ അവാർഡ് | 76818 |
| ആകെ | 587590 |

മേൽ ബിൽ നമ്പർ 23/16.6.22 പ്രകാരം 22.4.22 മുതൽ26.5.22 വരെ 35550 കിലോ പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ കൊണ്ടുപോയതിനാണ് തുക അനുവദിച്ചത്. എന്നാൽ ഇതിൽ ഉൾപ്പെട്ട താഴെ പറയുന്ന ദിവസങ്ങളിൽ അംഗീകൃത വെയിംഗ് ബ്രിഡ്ജിൽ നിന്നുള്ള യഥാർത്ഥ ഭാരം (Gross Weight) കാണിക്കുന്ന ബിൽ ഹാജരാക്കിയിട്ടില്ല.

| ദിവസം | വാഹനം | അളവ് | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|
| 22.4.22 | MH 12KP5422 | 10240 KG | 60,416 | 23/16.6.22 |
| 14.5.22 | KA01AG8022 | 6640 KG | 39176 | 23/16.6.22 |
| 16.5.22 | KL57J8620 | 4820KG | 28438 | 23/16.6.22 |
| 24.5.22 | KL11BS0694 | 1840 | 10856 | 23/16.6.22 |
| | ആകെ | 23540 | 138886 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/9.11.23 ന് മറുപടി നൽകിയിട്ടില്ല.മേൽ ദിവസങ്ങളിലെ അംഗീകൃത വെയിംഗ് ബ്രിഡ്ജിൽ നിന്നുള്ള യഥാർത്ഥ ഭാരം കാണിക്കുന്ന ബിൽ ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 138886 രൂപ തടസ്സം ചെയ്യുന്നു.

## 1-23 പഞ്ചായത്ത് പുറമ്പോക്ക് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ-A3-8084/23

ഗ്രാമ പഞ്ചായത്ത് വാർഡ് 4 ൽ വാരിയത്ത് താഴം മുതൽ സ്രാമ്പിക്കൽ താഴം മൂഴിക്കൽ വരെ പൊതു തോട് സ്വകാര്യവ്യക്തികൾ കയ്യേറിയതായും ഇത് തോടിന്റെ സ്വാഭാവികനീരൊഴുക്ക് തടസ്സപ്പെടുന്നതായും കൃഷിയിടങ്ങളിൽ വെള്ളം കയറി കൃഷി നശിക്കുന്നതായും പാടശേഖരസമിതി പരാതിപെട്ടതിന്റെയടിസ്ഥാനത്തിൽ സർവ്വേനടത്തി സ്വാഭാവികനീരൊഴുക്ക് പുനസ്ഥാപിക്കണമെന്ന കൃഷി ഓഫീസറുടെ റിപ്പോർട്ടിനെ തുടർന്ന് സെക്രട്ടറി നിർവ്വഹണം നടത്തിയ "വാരിയത്ത് താഴം മുതൽ സ്രാമ്പിക്കൽ താഴം മൂഴിക്കൽ വരെ പൊതു തോട് അളന്ന് തിട്ടപ്പെടുത്തൽ" എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം 37700 **രൂപ** ചെലവഴിച്ചിട്ടുണ്ട്,

| പദ്ധതി | അടങ്കൽ | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|---|
| വാരിയത്ത് താഴം മുതൽ സ്രാമ്പിക്കൽ താഴം മൂഴിക്കൽ വരെ പൊതു തോട് അളന്ന് തിട്ടപ്പെടുത്തൽ ( 394/23) | 40000 തനത് ഫണ്ട് | 22200063/ 12.5.22 | 14700 |
| | | 22200902/30.3.23 | 23000 |
| | | ആകെ | 37,700 |

വാരിയത്ത് താഴം മുതൽ സ്രാമ്പിക്കൽ താഴം മൂഴിക്കൽ വരെ പൊതു തോട് ടോട്ടൽ മെഷിൻ ഉപയോഗിച്ച് (വാടക=23000, നിരക്ക് 147 Furlong X100 =14700 ) സർവ്വേ നടത്തി, താലൂക്ക് സർവ്വേയർ നൽകിയ റിപ്പോർട്ട് പ്രകാരം തോടിനോട് ചേർന്ന BL 18 റി. സ. നമ്പർ 223,224,225,237,238,242,249 എന്നീ പുറമ്പോക്ക് ഭൂമി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. ഇതേ തുടർന്ന് ഗ്രാമ പഞ്ചായത്ത് പ്രസ്തുത ഭൂമിയിൽ കോൺക്രീറ്റ് സർവ്വേ കല്ല് സ്ഥാപിച്ചിരുന്നു. എന്നാൽ ആയവ നശിപ്പിക്കപ്പെട്ടതായി ഫയൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ7/9.11.23 ന് മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 പ്രയോജനകരമല്ലാത്ത പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ 120 പൊതു ടാപ്പുകളിലെ വെള്ളക്കരം അടവാക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|
| 1 | 22200025/20.4.22 | 57880 |
| 2 | 22200083/17.5.22 | 57880 |
| 3 | 22200148/9.6.22 | 57880 |
| 4 | 22200165/20.6.22 | 57880 |
| 5 | 22200463/7.10.22 | 115760 |
| 6 | 22200475/17.10.22 | 52500 |
| 7 | 22200575/8.12.22 | 57880 |
| 8 | 22200609/20.12.22 | 57880 |
| 9 | ലഭ്യമല്ല (ILGMS ൽ വൗച്ചർ ലഭ്യമല്ല) | 57880 |
| | ആകെ | 573420 |

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു

ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 120 പൊതു ടാപ്പുകൾക്കാണ് നിലവിൽ വെള്ളക്കരം അടവാക്കുന്നത്.എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ആകെ ടാപ്പുകളുടെ എണ്ണം, ജലം ലഭ്യമായ ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമല്ല. സെക്രട്ടറിയുടെ 22.9.22തിയതിയിലെ GPO- 4378(1) /2022 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് ജലജീവൽ മിഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിലവിൽ ജല അതോറിറ്റിയുടെ പൊതു ടാപ്പുകൾ ഉപയോഗിക്കുന്നില്ലയെന്നും കണക്ഷൻ നിർത്തൽ ചെയ്യണമെന്നും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ കണക്ഷൻ നിർത്തൽ ചെയ്തിട്ടില്ല. ആയതിനാൽ യാതൊരു പ്രയോജനവുമില്ലാതെ നിലവിലും 120 പൊതു ടാപ്പുകൾക്ക് പ്രതിമാസം 57880 രൂപ വെള്ളക്കരം അടവാക്കേണ്ടി വരുന്നുണ്ട്.

സെക്രട്ടറി ജല അതോറിറ്റിക്ക് 8.3.23 ന് നൽകിയ കത്തിൽ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് ജല അതോറിറ്റി 344000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് എന്നും ആയതിൽ സെന്റേജ് ചാർജ് ആയി രേഖപ്പെടുത്തിയ 11.02% എന്നത് ഇത്രയും തുക അടവാക്കുന്നതിൽ നിയമ തടസ്സം നിലനിൽക്കുന്നതിനാൽ കുറവ് ചെയ്ത് തരണമെന്നും അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുടർ നടപടി വിവരം ലഭ്യമല്ല.

സഉ(സാ.ധാ)1275/2009/ത.സ്വ.ഭ.വ തിയതി30.6.2009പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് നിർദേശിച്ചിരുന്നു.എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇതുമൂലം ജല ലഭ്യതയില്ലാത്ത ടാപ്പുകൾക്കും ഉപയോഗിക്കാത്ത ടാപ്പുകൾക്കും ഉൾപ്പെടെ വലിയ തുക വെള്ളക്കരമിനത്തിൽ അടവാക്കേടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/14.11.23 ന് മറുപടി നൽകിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകൾ നിർത്തലാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല.

ഓഡിറ്റ് വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | 22200015/11.4.22 | 48499 |
| 2 | 22200028/20.4.22 | 21540 |
| 3 | 22200041/28.4.22 | 10464 |
| 4 | 22200053/30.4.22 | 1236 |
| 5 | 22200097/20.5.22 | 30624 |
| 6 | 22200098/28.5.22 | 2654 |
| 7 | 22200149/9.6.22 | 23601 |
| 8 | 22200167/20.6.22 | 53910 |
| 9 | 22200194/2.7.22 | 15128 |
| 10 | 22200252/20.7.22 | 52316 |
| 11 | 22200256/25.7.22 | 364 |
| 12 | 22200318/19.8.22 | 47578 |
| 13 | 22200317/19.8.22 | 10421 |
| 14 | 22200409/17.9.22 | 48506 |
| 15 | 22200427/26.9.22 | 6378 |
| 16 | 22200474/13.10.22 | 54045 |
| 17 | 22200507/28.10.22 | 3255 |
| 18 | 22200558/9.11.22 | 56344 |
| 19 | 22200624/23.12.22 | 25037 |
| 20 | 22200627/5.1.23 | 25113 |
| 21 | 22200714/3.2.23 | 49506 |
| 22 | 22200748/15.2.23 | 49729 |
| 23 | 22200800/8.3.23 | 294 |
| 24 | 22200802/8.3.23 | 943 |
| 25 | 22200807/9.3.23 | 1021 |
| 26 | 62240086000857/16.3.23 (PO No) | 46619 |
| | ആകെ | 685125 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ഗ്രാമപഞ്ചായത്തിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

3.3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/14.11.23 ന് മറുപടി നൽകിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-26 തദ്ദേശ സ്വയം ഭരണ ദിനാഘോഷം – വിനിയോഗ വിവരം ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയം ഭരണ ദിനാഘോഷം ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ഇനം | നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|
| തദ്ദേശ സ്വയം ഭരണ ദിനാഘോഷം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 22200761/ 20.2.23 | 30,000 | തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.1.23 ലെ PDLSGD 65/23 നമ്പർ കത്ത് പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും കൈപറ്റ്,വിനിയോഗവിവരം എന്നിവ ലഭ്യമല്ല. |
| | ആകെ | 30,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/14.11.23 ന് മറുപടി നൽകിയിട്ടില്ല.കൈപറ്റ്,വിനിയോഗവിവരം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 ബാലസഭ സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബാലസഭ എന്ന പദ്ധതിക്കായി CDS -MDC Bank 90724120100067 അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | കുടുംബശ്രീ ബാലസഭ (115/23) |
| അടങ്കൽ | 25,000 |
| ചെലവഴിച്ച തുക | 25,000 (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 22200829/18.3.23 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.7.10 പ്രകാരം ബാലസഭ സംഘടിപ്പിക്കുന്നതിനായി ഗ്രാമ ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിൽ ചെലവഴിക്കാവുന്ന പരമാവധി തുക 1000 രൂപയാണ്.ഈ വ്യവസ്ഥപാലിക്കാതെയാണ് ആകെ 19 വാർഡുകൾ ഉള്ള ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുള്ളത് വിശദവിവരം ചുവടെ

| ചെലവഴിച്ചത് | സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്നത് | അധികം |
|---|---|---|
| 25000 | =19,000<br>(19 X1000) | 6000<br>(25000-19000) |
| | ആകെ | 6000 |

2. തുക കൈമാറിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക ചെലവ് ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 21/13.11.23 ന് മറുപടി നൽകിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 25000 തടസ്സം ചെയ്യുന്നു.

## 1-28 പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച താഴെ കൊടുത്ത വിവിധ പദ്ധതികളിലായി 71 പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെയാണ് വിതരണ ഏജൻസികളെ പ്രവൃത്തി എല്പിച്ചത്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് |
|---|---|---|---|
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (297/23) | 2,10,699 (വികസന ഫണ്ട് SCP) | 21/17.3.23 | SIDCO/MJRI /22-23 /272/10.3.23 |
| പട്ടിക ജാതി - വിദ്യാർത്ഥികൾക്ക് മേശയും കസേരയും (118/23) | 1,17,600 (വികസന ഫണ്ട് SCP) | 26/17.3.23 | ARTCO-KKD/41 /19.7.22 |
| പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം (327/23) | 12000 ( TSP) | 29/27.3.23 | SIDCO/MJRI /22-23 /345/22.3.23 |
| | 7600 (BS) | 35/29.3.23 | SIDCO/MJRI /22-23 /386/25.3.23 |
| ആകെ | 3,47,899 | | |

28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.6 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേന ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മേശയും കസേരയും വിതരണം ചെയ്യാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. SIDCO, ARTCO എന്നീ സ്ഥാപനങ്ങളിൽ നിന്നും 71 മേശയും കസേരയും വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിനായി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ നേരിട്ട് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2.വിദ്യാർത്ഥികൾ മുൻപ് മേശയും കസേരയും കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടില്ല.

3.മേശയുടെയും കസേരയുടേയും ഗുണനിലവാരം, വാറന്റി എന്നിവ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് SIDCO, ARTCO എന്നീ സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/13.11.23 ന് മറുപടി നൽകിയിട്ടില്ല. മേശയും കസേരയും സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും, മറ്റ് അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-29 പട്ടിക വർഗ്ഗ വിവാഹധന സഹായം - അപാകതകൾ

28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.1 പ്രകാരം പട്ടിക വർഗ്ഗ കുടംബത്തിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ ധന സഹായം നൽകാമെന്ന് നിഷകർഷിച്ചതിന്റെയടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക വർഗ്ഗ വിവാഹധന സഹായം എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| പട്ടിക വർഗ്ഗ വിവാഹ ധന സഹായം (261/23) | 81525 (വികസന ഫണ്ട് TSP) | 4/2.11.22 |
| പട്ടിക വർഗ്ഗ വിവാഹ ധന സഹായം (261/23) | 18475 (വികസന ഫണ്ട് ജനറൽ) | 5/2.11.22 |
| ആകെ | 100000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. വിവാഹധന സഹായത്തിനുള്ള അപേക്ഷ ഫയലിൽ ലഭ്യമല്ല.

2.തുക കൈമാറിയ ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3. ഗ്രാമപഞ്ചായത്ത് അപേക്ഷകൾ അംഗീകരിച്ച തീരുമാനം ഫയലിൽ ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/14.11.23 ന് മറുപടി നൽകിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-30 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ നൽകുന്ന വിവിധ പദ്ധതികളിലായി ജെം മുഖേന ഐ.ടി പ്രൊഫഷണൽ കോ.സൊസൈറ്റിയിൽ നിന്നും ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്(ലാപ്പ് ടോപ് ഒന്നിന് 32627 +GST നിരക്കിൽ 43 എണ്ണം). വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് |
|---|---|---|---|
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്(305/23) | 3,46,748 | 32/29.3.23 | IT/22-23 /L519/ 23.3.23 (20 എണ്ണം) |
| | 4,23,252 (വികസന ഫണ്ട് SCP) | 36/31.3.23 | |
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്(320/23) | 8,85,000 (വികസന ഫണ്ട് SCP) | 33/29.3.23 | IT/22-23 /L513/ 22.3.23 (23 എണ്ണം) |
| ആകെ | 16,55,000 | | |

28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം സർക്കാർ,എയിഡഡ്.സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ ഐ.ടി.മിഷൻ നിശ്ചയിച്ച സ്പെസിഫിക്കേഷനിലും നിരക്കിലും ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രം ലാപ്പ് ടോപ്പ് വാങ്ങി വിതരണം ചെയ്യാം എന്ന് നിഷ്കർഷിച്ചിരുന്നു.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഐ.ടി പ്രൊഫഷണൽ കോ.സൊസൈറ്റിയിൽ നിന്നും 43 ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സീരിയൽ നമ്പർക്രമത്തിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

2.വിതരണം ചെയ്ത ലാപ്പ്ടോപ്പുകൾ വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല.

3.വിദ്യാർത്ഥികൾ മുൻപ് ലാപ്പ് ടോപ്പ് കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടില്ല.

4. ബന്ധപ്പെട്ട SC പ്രമോട്ടർ , വാർഡ് മെമ്പർമാർ, പട്ടികജാതി വികസന സമിതി എന്നിവർ ഒപ്പുവെച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ബന്ധപ്പെട്ട ലാപ്പ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് വിവരം നൽകുന്നതാണ് എന്ന് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അറിയിച്ചു. ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ID നമ്പർ സഹിതം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-31 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം പദ്ധതികൾ- അപാകതകൾ

**നിർവ്വഹണം : വെറ്ററിനറി സർജൻ**

**1) പ്രോജക്റ്റ് നം. 284/2023-കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (SC)**

അടങ്കൽ : 135000/- രൂപ.(വികസന ഫണ്ട്-SCP-100,000 + 35000 ഗുണഭോക്തൃ വിഹിതം)

ചെലവ് : 120673/-(വികസന ഫണ്ട്-SCP-90586 + 30087 ഗുണഭോക്തൃ വിഹിതം)

| ക്രമ നം | ബിൽ/ചെക്ക് നം, തിയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 19/25.03.23 | 40365/- |
| 2 | 13/15.02.23 | 18833/- |
| 3 | 07/17.01.23 | 18833/- |
| 4 | 03/17.01.23 | 12555/- |
| 5 | 22200860/30.03.23 | 13455/- |
| 6 | 22200860/22.03.23 | 16632/- |
| ആകെ | | 120673/- |

ആകെ 120673/- രൂപ കേരള ഫീഡ്സിന് അുവദിച്ചതിൽ ചെലവ് തുകക്കുള്ള കാലിത്തീറ്റകൾ ലഭ്യമായതിന്റെ ചുവടെ ചേർത്ത ഇൻവോയ്സുകൾ ഹാജരാക്കിയിട്ടുണ്ട്.

| ക്രമനം | ഇൻവോയ്സ് നം/തിയതി | തുക | ലഭ്യമായ 50 Kg കാലിത്തീറ്റ ബാഗുകളുടെ എണ്ണം |
|---|---|---|---|
| 1 | KFLPI-22-23-054944/28.02.23 | 26910 | 18 (എലൈറ്റ്) |
| 2 | KFLPI-22-23-058461/16.03.23 | 26910 | 18(എലൈറ്റ്) |
| 3 | KFLPI-22-23-048908/30.01.23 | 25110 | 18(മിടുക്കി) |
| 4 | KFLPI-22-23-0434445/31.12.22 | 25110 | 18(മിടുക്കി) |
| 5 | KFLPI-22-23-0369918/25.11.22 | 16740 | 12(മിടുക്കി) |
| ആകെ | | 120740 | 84 |

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) ആകെ 9 ഗുണഭോക്താക്കൾ വിതരണ രജിസ്ററിൽ 2022 നവംബർ മുതൽ 2023 മാർച്ച് വരെ അതത് മാസങ്ങൾക്ക് നേരെ ഒപ്പ് വെച്ചത് മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്തതിന് ലഭ്യമാക്കിയ രേഖ. ഈ രജിസ്റ്ററിൽ ഏതൊക്കെ ക്ഷീര സംഘങ്ങൾ വഴി എത്ര വീതം കാലിത്തീറ്റ വിതരണം ചെയ്തു എന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

B) ആർക്കൊക്കെ ഏതൊക്കെ മാസങ്ങളിൽ എത്ര വീതം കാലിത്തീറ്റ വിതരണം ചെയ്തു എന്നത് വ്യക്തമാകുന്ന ക്ഷീര സംഘങ്ങളിൽ നിന്നുള്ള രജിസ്റ്ററോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

C) കാലിത്തീറ്റ കൈപ്പറ്റിയവരിൽ നിന്നും ഏതൊക്കെ മാസങ്ങളിൽ എത്ര വീതം കാലിത്തീറ്റ കൈപ്പറ്റി എന്നത് വ്യക്തമാക്കുന്ന കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല.

കാലിത്തീറ്റ കൈപ്പറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഒരു ഗുണഭോക്താവിനെ ഓഡിറ്റ് ഫോൺ മുഖേന ബന്ധപ്പെട്ടതിൽ, ടി വ്യക്തിയുടെ പശു 2022 ഡിസംബർ 6ന് ചത്തു പോയതിനാൽ ആയതിന് ശേഷം സംഘത്തിൽ നിന്നും നാളിതുവരെ കാലിത്തീറ്റ ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. എന്നാൽ രജിസ്റ്റർ പ്രകാരം ടി വ്യക്തി 2022 ഡിസംബർ, 2023 ജനവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ കാലിത്തീറ്റ കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പ് വെച്ചിട്ടുമുണ്ട്.

2) **പ്രോജക്ട് നം. 282/2023-കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം (ജനറൽ)**

അടങ്കൽ :1562400/- രൂപ.

ചെലവ് :1562400/-(വികസന ഫണ്ട്-ജന.-781200 + 781200 ഗുണഭോക്തൃ വിഹിതം)

| ക്രമ നം | ബിൽ/വൗച്ചർ നം, തിയ്യതി | തുക |
|---|---|---|
| 1 | 18/25.03.23 | 195300/- |
| 2 | 12/15.02.23 | 195300/- |
| 3 | 06/17.01.23 | 195300/- |
| 4 | 02/19.12.22 | 195300/- |
| 5 | 22200880/22.03.23 | 390600/- |
| 6 | 22200905/30.03.23 | 390600/- |
| ആകെ | | 1562400/- |

ആകെ 1562400/- രൂപ കേരള ഫീഡ്സിന് അുവദിച്ചതിൽ ചെലവ് തുകക്കുള്ള കാലിത്തീറ്റകൾ ലഭ്യമായതിന്റെ ചുവടെ ചേർത്ത ഇൻവോയ്സുകൾ ഹാജരാക്കിയിട്ടുണ്ട്.

| ക്രമനം | ഇൻവോയ്സ് നം/തിയതി | തുക | ലഭ്യമായ 50 Kg മിടുക്കി കാലിത്തീറ്റ |
|---|---|---|---|

| | | | ബാഗുകളുടെ എണ്ണം |
|---|---|---|---|
| 1 | KFLPI-22-23-048910/30.01.23 | 136710 | 98 |
| 2 | KFLPI-22-23-048912/30.01.23 | 106020 | 76 |
| 3 | KFLPI-22-23-048911/30.01.23 | 147870 | 106 |
| 4 | KFLPI-22-23-043446/31.12.22 | 106020 | 76 |
| 5 | KFLPI-22-23-043444/31.12.22 | 147870 | 106 |
| 6 | KFLPI-22-23-043443/31.12.22 | 136710 | 98 |
| 7 | KFLPI-22-23-036917/23.11.22 | 390600 | 280 |
| 8 | KFLPI-22-23-057805/13.03.23 | 152450 | 110 |
| 9 | KFLPI-22-23-057804/13.10323 | 125550 | 90 |
| 10 | KFLPI-22-23-057806/13.03.23 | 111600 | 80 |
| ആകെ | | 1562400 | 1120 |

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) ആകെ 140 ഗുണഭോക്താക്കൾ വിതരണ രജിസ്റ്ററിൽ 2022 നവംബർ മുതൽ 2023 മാർച്ച് വരെ അതത് മാസങ്ങൾക്ക് നേരെ ഒപ്പ് വെച്ചത് മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്തതിന് ലഭ്യമാക്കിയ രേഖ. ഈ രജിസ്റ്ററിൽ ഏതൊക്കെ ക്ഷീര സംഘങ്ങൾ വഴി എത്ര വീതം കാലിത്തീറ്റ വിതരണം ചെയ്തു എന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

B) ആർക്കൊക്കെ ഏതൊക്കെ മാസങ്ങളിൽ എത്ര വീതം കാലിത്തീറ്റ വിതരണം ചെയ്തു എന്നത് വ്യക്തമാകുന്ന ക്ഷീര സംഘങ്ങളിൽ നിന്നുള്ള രജിസ്റ്ററോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

C) കാലിത്തീറ്റ കൈപ്പറ്റിയവരിൽ നിന്നും ഏതൊക്കെ മാസങ്ങളിൽ എത്ര വീതം കാലിത്തീറ്റ കൈപ്പറ്റി എന്നത് വ്യക്തമാക്കുന്ന കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/2022-23/13.11.23ന് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുകയും ചെയ്യുന്നതുവരെ ചെലവ് തുക 16,83,073/-(1,20,673 + 15,62,400) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 SC വനിതകൾക്ക് ആട് വിതരണം-അപാകതകൾ

പ്രൊജക്റ്റ് നമ്പർ. : 114/2023

പ്രൊജക്റ്റ് : സുഭിക്ഷ കേരളം- എസ്.സി. വനിതകൾക്ക് ആട് വിതരണം

നിർവ്വഹണം : വെറ്റിനറി സർജൻ

അടങ്കൽ : 528000 രൂപ.

ചെലവ് : 416000/-(വികസന ഫണ്ട്-SCP-312000 + 104000 ഗുണഭോക്തൃ വിഹിതം)

| ക്രമ നം | ബിൽ/ചെക്ക് നം, തിയ്യതി | തുക |
|---|---|---|
| 1 | 01/02-11-22 | 180000/- |
| 2 | 20/25.03.23 | 24000/- |
| 3 | 19/02.02.23 | 108000/- |
| 4 | XY5918749/29.03.23 | 8000/- |
| 5 | XY5918747/16.02.23 | 36000/- |
| 6 | XY5918741/31.10.22 | 60000/- |
| ആകെ | | 416000/- |

ഈ പ്രൊജക്ട് പ്രകാരം, ഒരെണ്ണത്തിന് 8000 രൂപ വിലയുള്ള രണ്ട് വീതം ആടുകൾ 26 പേർക്ക് വിതരണം ചെയ്ത വകയിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പടെ ആകെ 416000 രൂപ ശ്രീ. നിയാസ് ബാബു എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആടുകളുടെ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുന്ന വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും 5 പേർ ഉൾപ്പെടുന്ന വാങ്ങൽ സമിതി രൂപീകരിച്ച് ടി സമിതിയാണ് ആടുകളെ വാങ്ങി നൽകേണ്ടത്. എന്നാൽ ഇത്തരം ഒരു സമിതി രൂപീകരിച്ചതിന്റെയോ, ആടുകളെ വിതരണം ചെയ്യുന്നതിന് ശ്രീ. നിയാസ് ബാബു എന്ന വ്യക്തിയെ സമിതി ചുമതലപ്പെടുത്തി തീരുമാനമെടുത്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ആടുകളെ കൈപ്പറ്റിയ ഗുണഭോക്താക്കൾ തങ്ങൾക്ക് ആടിനെ വില്പന നടത്തിയ വ്യക്തികൾക്ക് ആയതിന്റെ വില അനുവദിക്കാൻ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് അപേക്ഷ നൽകിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് ആടിനെ നൽകിയവർക്ക് തന്നെയാണോ തുക അനുവദിച്ചത് എന്നും ആടിന്റെ യഥാർത്ഥ വില തന്നെയാണോ നൽകിയത് എന്നും വ്യക്തമല്ല.

4. ആടുകളെ വാങ്ങി വിതരണം ചെയ്യുന്നതിന് മുൻപ് ആടുകൾക്ക് മാർഗ്ഗരേഖ നിർദ്ദേശിക്കും പ്രകാരമുള്ള, 12 Kg തൂക്കം ഉള്ളതാണെന്ന് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/2022-23/13.11.23ന് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്

## 1-33 വനിതകൾക്ക് പശു വിതരണം- അപാകതകൾ

പ്രൊജക്ട് : വനിതകൾക്ക് പശുവിതരണം (274/23)

നിർവ്വഹണം : വെറ്റിനറി സർജൻ

അടങ്കൽ : 21,00,000/- രൂപ.

ചെലവ് : 21,00,000/-(വികസന ഫണ്ട്-ജന.-10,50,000 + 10,50,000 ഗുണഭോക്തൃ വിഹിതം)

| ക്രമ നം | ബിൽ/ചെക്ക് നം, തിയ്യതി | തുക |
|---|---|---|
| 1 | 08/02.02.23 | 650000/- |
| 2 | 15/08.03.23 | 175000/- |
| 3 | 16/16.03.23 | 175000/- |
| 4 | 17/25.03.23 | 50000/- |
| 5 | XY5918752/13.04.22 | 800000/- |
| 6 | XY5918750/30.03.23 | 250000/- |
| ആകെ | | 2100000/- |

ഈ പ്രൊജക്ട് പ്രകാരം, ഒരെണ്ണത്തിന് 50000 രൂപ വിലയുള്ള പശുവിനെ 42 പേർക്ക് വിതരണം ചെയ്ത വകയിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പടെ ആകെ 2100000/- രൂപ പശുവിനെ നൽകിയ വിവിധ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പശുക്കളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിട്ടില്ല.

2. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും 5 പേർ ഉൾപ്പെടുന്ന വാങ്ങൽ സമിതി രൂപീകരിച്ച് ടി സമിതിയാണ് പശുക്കളെ വാങ്ങി നൽകേണ്ടത്. എന്നാൽ ഇത്തരം ഒരു സമിതി രൂപീകരിച്ചതിന്റെയോ ഈ പശുക്കളെ ആരിൽ നിന്ന്/എപ്രകാരം വാങ്ങണം എന്ന് തീരുമാനമെടുത്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. മാർഗ്ഗരേഖ നിർദ്ദേശിക്കും പ്രകാരമുള്ള, പശുക്കളെ മൂന്ന് വർഷമെങ്കിലും പരിപാലിക്കും എന്നത് ഉറപ്പ് വരുത്തുന്നതിനുള്ള കരാർ പത്രം രേഖപ്പെടുത്തലുകൾ വരുത്തി പൂർത്തീകരിച്ചിട്ടില്ല. എല്ലാ ഗുണഭോക്താക്കളുടെയും അപേക്ഷയുടെ കൂടെ മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4. പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല.

5. പശുക്കളെ കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ തങ്ങൾക്ക് ആരാണ് പശുവിനെ വിതരണം ചെയ്തത് എന്നും ആർക്കാണ് ആയതിന്റെ വില അനുവദിക്കേണ്ടത് എന്നും സൂചിപ്പിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് അപേക്ഷ നൽകിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് പശുവിനെ നൽകിയവർക്ക് തന്നെയാണോ തുക അനുവദിച്ചത് എന്നും പശുവിന്റെ യഥാർത്ഥ വില തന്നെയാണോ നൽകിയത് എന്നും വ്യക്തമല്ല.

| ക്രമനം | പേര് | ക്രമനം | പേര് | ക്രമനം | പേര് |
|---|---|---|---|---|---|
| 1 | ബേബി കെ | 11 | ആയിഷ എം | 21 | മറിയം |
| 2 | സുബൈദ കെ.പി | 12 | നസീറ വി | 22 | അശ്വതി കെ |
| 3 | മിനിഷ എ | 13 | ശാരദ എൻ | 23 | തങ്കമണി കെ.പി |

| | | | | | |
|---|---|---|---|---|---|
| 4 | പത്മിനി കെ | 14 | സീനത്ത് പി | 24 | സുബൈദ |
| 5 | സാജിറ പി | 15 | സലീന പി | 25 | സഫിയ ഇ |
| 6 | റാബിയ പറായിൽ | 16 | സുലൈഖ കെ | 26 | ഫാത്തിമകട്ടി |
| 7 | കദീജ എം | 17 | പുഷ്പ ടി.പി | 27 | സുഹ്റാബി പി |
| 8 | നസിയക്കുട്ടി പി | 18 | ഹസീന ടി | 28 | സബ്ന പി |
| 9 | സൈനബ് പി | 19 | നിഷ പി | | |
| 10 | ജമീല കെ | 20 | ആയിഷ കെ | | |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/2022-23/13.11.23ന് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്

## 1-34 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ- സ്റ്റോക്ക് അപാകതകൾ

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരമുള്ള ഫയലുകൾ പരിശോധിച്ചതിൽ, ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി ചെലവ് വിവരം | അപാകതകൾ |
|---|---|---|
| 1 | പദ്ധതി - 281/23-മൃഗാശുപത്രിക്ക് കംപ്യൂട്ടർ, ഇൻവെർട്ടർ, പ്രിന്റർ വാങ്ങൽ.<br>അടങ്കൽ തുക - 150000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം<br>ആകെ ചെലവ്- 142153 രൂപ .<br>(1) ബിൽ നം. 14/08.03.2023 പ്രകാരം, ജെം മുഖേന UPS, 4 ബാറ്ററികൾ എന്നിവ ലഭ്യമാക്കിയതിന് 80400 രൂപ ചെലവഴിച്ചത്.<br>(2) ബിൽ നം. 22/29.03.2023 പ്രകാരമുള്ള 61753 രൂപ.<br>(A) SRS അസോസിയേറ്റ്സ്- പ്രിന്റർ വാങ്ങിയ വില 22253/- രൂപ.<br>(B) IT Professionals Co-Operative സൊസൈറ്റി- എയ്സർ ലാപ്ടോപ്പ് വാങ്ങിയ വില 39500/- രൂപ. | (1) പുതിയ ഒരു രജിസ്റ്ററിൽ മേൽ Ups, ബാറ്ററികൾ, പ്രിന്റർ, ലാപ്ടോപ്പ് എന്നിവ ഓരോ പേജുകളിലായി രേഖപ്പെടുത്തിയതാണ് സ്റ്റോക്ക് രജിസ്റ്ററായി ഹാജരാക്കിയത്. ഇതിൽ ഓഫീസിലെ മുൻ വർഷങ്ങളിൽ ലഭ്യമായ മറ്റ് ഇലക്ട്രോണിക്/കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഓഫീസിലെ എല്ലാ ഉപകരണങ്ങളും ഉൾപ്പെടുന്ന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.<br>(2) ഇലക്ട്രോണിക്/മറ്റ് ഉപകരണങ്ങളുടെ/ആസ്തികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല. ഉപകരണങ്ങളിൽ സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല.<br>(3) ഫയലിലോ/രജിസ്റ്ററിലോ മറ്റോ ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ/കാലയളവ് രേഖപ്പെടുത്തി ഉറപ്പ് വരുത്തിയിട്ടില്ല. |
| 3 | പദ്ധതി - 280/23-മൃഗാശുപത്രിയിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ.<br>അടങ്കൽ തുക - 120000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം<br>ആകെ ചെലവ്- 120000 രൂപ .<br>Bill No. 21/25.03.23 പ്രകാരം, തേക്ക് വുഡ് ഓഫീസേഴ്സ് ടാബിൾ-1 എണ്ണം, ആഞ്ഞിലി വുഡ് കംപ്യൂട്ടർ ടാബിൾ-1 എണ്ണം, സ്റ്റീൽ കാബിനറ്റ് വിത്ത് ഫിക്സഡ് ഷെൽവ്സ്-4 എണ്ണം, ഹൈബാക്ക് റിവോൾവിംഗ്-ഹൈഡ്രോളിക്-കുഷ്യൻ ചെയർ-1 എണ്ണം, തേക്ക് വുഡ് ടൈപ്പിസ്റ്റ് ആം ചെയർ-1 എണ്ണം, വിസിറ്റേർസ് ചെയർ -2 എണ്ണം. | (1) പുതിയ ഒരു രജിസ്റ്ററിൽ മേൽ ഫർണ്ണിച്ചറുകൾ ഓരോ പേജുകളിലായി രേഖപ്പെടുത്തിയതാണ് സ്റ്റോക്ക് രജിസ്റ്ററായി ഹാജരാക്കിയത്. ഇതിൽ ഓഫീസിലെ മുൻ വർഷങ്ങളിൽ ലഭ്യമായ മറ്റ് ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടില്ല. ഓഫീസിലെ എല്ലാ ഉപകരണങ്ങളും ഉൾപ്പെടുന്ന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.<br>(2) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല. ഉപകരണങ്ങളിൽ സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല.<br>(3) ഫയലിലോ/രജിസ്റ്ററിലോ മറ്റോ ഉപകരണങ്ങളുടെ വാറണ്ടി ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ/കാലയളവ് രേഖപ്പെടുത്തി ഉറപ്പ് വരുത്തിയിട്ടില്ല. |

ഇലക്ട്രോണിക് മറ്റ് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/2022-23/13.11.23ന് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്

## 1-35 കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ഉപകരണങ്ങൾ വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റും ലഭ്യമാക്കിയില്ല.

പദ്ധതി നം. :317/2022-23

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ :2,00,000/- വികസന ഫണ്ട് ജനറൽ

ചെലവ് :2,00,000/-, ബിൽ നമ്പർ - 22151052038100913055/13.12.22

2022-2023 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ, കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് മെയിന്റനൻസിനും അനുബന്ധ ഉപകരണങ്ങൾക്കുമായി ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ ചുവടെ പട്ടികയിൽ ചേർത്ത നാല് കുട്ടികൾക്കായി ആകെ 2,00,000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുകക്ക് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും കൈപ്പറ്റോ വിനിയോഗ വിവരമോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | കുട്ടിയുടെ പേര് |
|---|---|
| 1 | അശ്വജിത്ത് എം |
| 2 | വൈഷ്ണ എം.പി |
| 3 | സൂരജ് സി |
| 4 | അഭിനന്ദ് |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/2022-23/14.11.23ന് മറുപടി ലഭ്യമായിട്ടില്ല. ചെലവ് തുകക്ക് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റും ലഭ്യമാക്കേണ്ടതാണ്.

## 1-36 അങ്കണവാടികൾക്ക് കളിക്കോപ്പുകൾ, തെറാപ്പി ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്തില്ല.

ഐ.സി.ഡി.എസ് നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരമുള്ള ഫയലുകൾ പരിശോധിച്ചതിൽ, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതിലും ബന്ധപ്പെട്ട കാര്യങ്ങളിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി ചെലവ് വിവരം | അപാകതകൾ |
|---|---|---|
| 1 | പദ്ധതി - 325/23-അംഗനവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ.<br>അടങ്കൽ തുക - 50000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം<br>ആകെ ചെലവ്- 49350 രൂപ .<br>ബിൽ നം. 22151052038101188463/14.02.23 പ്രകാരം മേൽ തുക ചെലവഴിച്ച് അംഗനവാടികൾക്ക് 31 ഫൈബർ ഹോഴ്സുകളും 9 ബാസ്കറ്റ് ബാൾ സെറ്റുകളും വാങ്ങിയത്. | (1) ഒരു രജിസ്റ്ററിൽ മേൽ കളിപ്പാട്ടങ്ങൾ രേഖപ്പെടുത്തി വിവിധ അഗനവാടി വർക്കർമാർ ആയതിന് നേരെ ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ ടി അംഗനവാടികളിലെ, മുൻ വർഷങ്ങളിൽ ലഭ്യമായ ഉപകരണങ്ങളുടെ കൂടെ സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിൽ ഉൾപ്പെടുത്തിയതായോ കളിപ്പാട്ടങ്ങളിൽ സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തിയതായോ ഉറപ്പ് വരുത്തി സാകഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | പദ്ധതി - 123/23-ഒക്കുപ്പേഷൻ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ.<br>അടങ്കൽ തുക - 50000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം<br>ആകെ ചെലവ്- 49990 രൂപ . | (1) ഒരു രജിസ്റ്ററിൽ മേൽ ഉപകരണങ്ങൾ രേഖപ്പെടുത്തി, ഗ്രാമപഞ്ചായത്തിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർ ശ്രീമതി. മുംതാസ് ടി എന്നവർ ആയത് കൈപ്പറ്റി എന്ന് രേഖപ്പെടുത്തി ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ ഒക്കുപ്പേഷൻ തെറാപ്പി |

| | | |
|---|---|---|
| | 22151052038100817431/25.11.22 പ്രകാരം മേൽ തുക ചെലവഴിച്ച് ചുവടെ ചേർത്ത ഉപകരണങ്ങൾ വാങ്ങിയത്.<br>ഡിസ്കിങ്ങ്-1, ഹാൻഡ് പെഗ്ബൗണ്ട്-1, പോസ്റ്റിംഗ് ബോക്സ്-1, മൾട്ട് ഷേപ്പ് പെഗ്ബൗണ്ട്-1, ഹാൻഡ് എക്ലൈർസൈസ്-1, സെൻസറി മാൾ-1, ടഡ്മിൽ മാനുവൽ-1, സ്റ്റാറ്റിക് സൈക്കിൾ-1. | സെന്ററിലെ മുൻ വർഷങ്ങളിൽ ലഭ്യമായ ഉപകരണങ്ങളുടെ കൂടെ സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിൽ ഉൾപ്പെടുത്തിയതായോ ഉപകരണങ്ങളിൽ സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തിയതായോ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>(2) ഫയലിലോ/രജിസ്റ്ററിലോ മറ്റോ ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ/കാലയളവ് രേഖപ്പെടുത്തി ഉറപ്പ് വരുത്തിയിട്ടില്ല. |

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ/നൽകുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 27/2022-23/14.11.23ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-37 ലൈഫ് ഭവന നിർമ്മാണം ആരംഭിച്ചില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചത് പ്രകാരം ഭവന നിർമ്മാണത്തിനായി ആദ്യഗഡു തുക അനുവദിച്ചിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തതായിട്ടുണ്ട്. ഇത്തരം ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | ഗുണഭോക്താവിന്റെ പേര് | കരാർ നമ്പർ | അനുവദിച്ച തുക, തിയതി |
|---|---|---|---|---|
| 1 | 25/2020-21, ഭവന നിർമ്മാണം എസ്.ടി | പുഷ്പ W/o ഉണ്ണികോരൻ | ST-01/20-21 /05.03.21 | 40,000/-, 5092000901200037/ 06.03.21 |
| 2 | 02/2021-22, ഭവന നിർമ്മാണം എസ്.സി | മാധവി W/o അയ്യപ്പൻ | SC-43/21-22 /31.12.21 | 40,000/-, 21151052038300951142/ 15.01.22 |
| 3 | 133/2022-23, ഭവന നിർമ്മാണം എസ്.സി | പത്മാവതി എ.സി | SC-03/22-23 /24.09.22 | 40,000/-, 22151052038300650433/ 01.10.22 |
| 4 | 133/2022-23, ഭവന നിർമ്മാണം എസ്.സി | സുവിത എം | SC-05/22-23 /27.09.22 | 40,000/-, 22151052038300650433/ 01.10.22 |
| 5 | 133/2022-23, ഭവന നിർമ്മാണം എസ്.സി | ഷാനി വി.സി | SC-09/22-23 /15.11.22 | 40,000/-, 22151052038300819751/ 25.11.22 |
| 6 | 133/2022-23, ഭവന നിർമ്മാണം എസ്.സി | ദീപ ഇ | SC-13/22-23 /24.11.22 | 40,000/-, 22151052038300905093/ 09.12.22 |

ആദ്യഗഡു തുക അനുവദിച്ചിട്ട് വർഷങ്ങളായിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തത് ക്രമപ്രകാരമല്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 34/2022-23/14.11.23ന് മറുപടി ലഭ്യമായിട്ടില്ല. വീട് നിർമ്മാണം ആരംഭിക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 എസ് എസ് എ വിഹിതം അടവാക്കൽ – സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 5,00000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ വിഹിതം(ജനറൽ) 260/23 | 5,00,000 | BRN 22151052045301116262 |

| | | |
|---|---|---|
| | | (വികസന ഫണ്ട് ജനറൽ) |
| ആകെ | 5,00,000 | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 പ്രകാരം

1)പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2)പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/22-23/09.11.23 ന് വിശദമായ വിനിയോഗ സർട്ടിഫിക്കറ്റിനായി SSK ക്ക് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കി.രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 എം.ജി.എൻ.ആർ.ഇ.ജി.എസ് നിയമനത്തിൽ സംവരണം പാലിച്ചിട്ടില്ല

സ.ഉ. (സാധാ)നം.439/2013 തീയ്യതി 8.12.2013 പ്രകാരം പ്രതിവർഷം രണ്ട് കോടിയിൽ അധികം രൂപ ചെലവഴിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയറെയും ഒരു അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്ററെയും അധികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗ്രാമ പഞ്ചായത്ത് 2021-22 ൽ ഈ ഉത്തരവ് പ്രകാരമുള്ള ചെലവ് കൈവരിച്ചതിനെ തുടർന്ന്, സ.ഉ.(എം.എസ്)153/2019/തസ്വഭവ തീയ്യതി 30.11.2019 ലെ നിർദ്ദേശ പ്രകാരം, അക്രഡിറ്റഡ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുകയും (നോട്ടീസ് നം.A2/13/2016 തീയ്യതി.24.5.2021, 17.11.2021) ഇന്റർവ്യൂ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുകയും ചെയ്തു. ഈ പട്ടികയിൽ നിന്നും നിയമനം നടത്താൻ 2/2.7.2022 നമ്പർ തീരുമാനം അനുസരിച്ച് ഭരണ സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട് (ഈ നിയമനത്തിന് അംഗീകാരം നൽകാനും പുതുതായി നിയമിതരായവർക്ക് വേതനം അനുവദിച്ച് നൽകുന്നതിനും സെക്രട്ടറി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് 4.2.2022 ലെ എ2/13/2016 നമ്പർ കത്ത് നൽകിയിട്ടുണ്ട്). പുതുതായി നിയമിതനായ അക്രഡിറ്റഡ് എഞ്ചിനയർ ശ്രീ. ജലാലുദ്ദീൻ.കെ 5.7.2022 തീയ്യതിയിൽ ജോലിക്ക് ഹാജരാകുകയും ഇപ്പോഴും തുടരുകയും ചെയ്യുന്നുണ്ട്.

ഈ വിഷയം സംബന്ധിച്ച് താഴെ കൊടുക്കുന്ന അപാകത ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. എം.ജി.എൻ.ആർ.ഇ.ജി.എസ് നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നത് സംബന്ധിച്ച 20.2.2017 ലെ സ.ഉ.(കൈ)നം.41/2017/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ പുറപ്പെടുവിച്ച 11.12.2019 ലെ 314/C1/17/R.E.G.S നമ്പർ സർക്കുലർ പ്രകാരം വാഴക്കാട് ഗ്രാമ പഞ്ചായത്തിലെ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ തസ്തിക പട്ടിക ജാതി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുണ്ട്. വാഴക്കാട് ഗ്രാമ പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ രണ്ട് ഓവർസിയർമാർ ജോലി ചെയ്ത് വരുന്നുണ്ടെന്നും, എന്നാൽ ഇതിൽ ഒരു തസ്തിക പട്ടിക ജാതിക്കായി സംവരണം ചെയ്യേണ്ടതിനാൽ രണ്ട് ഓവർസിയർമാരിൽ ഒരാളായ ശ്രീ.അനീസ് എന്നവരുടെ കാലാവധി പുതുക്കേണ്ടതില്ല എന്ന് 7(1)/17.5.2021 നമ്പർ തീരുമാനം പ്രകാരം ഭരണ സമിതി തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിൽപെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയിലും എസ്. സി. വിഭാഗത്തിൽപെടുത്തി ഓവർസിയറുടെ തസ്തികയിലും ഒഴിവ് നോട്ടിഫൈ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പാലിച്ച് നിയമനം നടത്തുകയുമുണ്ടായി. എന്നാൽ തന്റെ കരാർ നീട്ടി നൽകാത്ത നടപടിയെ ശ്രീ. അനീസ് ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി. തുടർന്ന് ബഹു.ഹൈക്കോടതിയുടെ W.A.1522/2021 കേസിലെ 17.4.2022 ലെ വിധിന്യായം, സി.സി.നം..1284 കേസിലെ 22.7.2022 തീയ്യതിയിലെ വിധിന്യായം എന്നിവയുടെ അടിസ്ഥാനത്തിൽ ബഹു.പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 23.8.2022 ലെ P.AN/11336/2022/J4(D.P) നമ്പർ ഉത്തരവ് പ്രകാരം അനുകൂല തീരുമാനം നേടുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച 31.8.2022 ലെ എ1/2756/2022 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.അനീസിന്റെ കാലാവധി പുതുക്കി നൽകിയിട്ടുണ്ട്. ഈ തീരുമാനം നടപ്പാക്കുന്നതിനായി ശ്രീ. അനീസിന്റെ ഒഴിവിൽ 5.7.2022 തീയ്യതിയിലെ കരാർ പ്രകാരം നിയമിതനായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പ്രേംശോഭ് എന്നവരുടെ നിയമനം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി എം.ജി.എൻ.ആർ.ഇ.ജി.എസ് സാങ്കേതിക വിഭാഗത്തിലെ പട്ടിക ജാതിക്കായി സംവരണം ചെയ്ത ഒരു തസ്തികയിലും പട്ടിക ജാതി വിഭാഗത്തിൽ ഉള്ള ജീവനക്കാരന് നിയമനം ലഭിക്കാതെ പോയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ ശ്രീ.അനീസിന്റെ കരാർ നീട്ടി നൽകാതിരുന്നതിനാലും, പുതുതായി ഒഴിവു വന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്യാതിരുന്നതിനാലുമാണ് എം.ജി.എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ നിയമനത്തിൽ പട്ടിജാതി സംവരണം നടപ്പാക്കാനാകാതെ പോയത് എന്ന് കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

2. ഭരണ സമിതി തീരുമാനം നമ്പർ 2(1)/6.10.2022 പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ 23.8.2022 ലെ P.A.N/11336/2022/J4(D.P) നമ്പർ ഉത്തരവിനെതിരെ അപ്പീൽ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജനക്കുറിപ്പ്

രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണ സമിതിയുടെ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.31/14.11.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-40 ഇ ടെണ്ടർ - എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ തിരികെ ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐയുടെ എടവണ്ണപ്പാറ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം.00000041518837504 കറന്റ് അക്കൗണ്ട്) ഈ അക്കൗണ്ടിൽ 11.1.2023 മുതൽ ടെണ്ടർ സെറ്റിൽമെന്റ് ഇനത്തിൽ തുക ക്രഡിറ്റ് ആയി വരുന്നുണ്ട്. എന്നാൽ പ്രസ്തുത തീയ്യതിക്ക് മുമ്പ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രൊജക്റ്റുകളുടെ ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് 10.1.2023 വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതും ഇ ടെണ്ടർ ഫീ തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.32/14.11.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-41 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ വലിയ നീക്കിയിരിപ്പ് അവശേഷിക്കുന്നു.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐയുടെ എടവണ്ണപ്പാറ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം.00000041518837504 കറന്റ് അക്കൗണ്ട്) ഈ അക്കൗണ്ടിൽ 11.1.2023 മുതൽ ടെണ്ടർ സെറ്റിൽമെന്റ് ഇനത്തിൽ തുക ക്രഡിറ്റ് ആയി വരുന്നുണ്ട്. ഇപ്രകാരം 28.3.2023 വരെ വരവ് വന്ന 108655 രൂപ 3.11.2023 ന് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ അന്നേ ദിവസം ഈ അക്കൗണ്ടിൽ 127235 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. പരിശോധനക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 4.11.2023ന് ഈ അക്കൗണ്ടിൽ 136115 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് അവശേഷിച്ചത് പലിശ നഷ്ടത്തിന് കാരണമായിട്ടുണ്ട്. ആയതിനാൽ നിശ്ചിത ഇടവേളകളിൽ ഈ അക്കൗണ്ടിൽ നിന്നും തുക സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.33/14.11.2023)

### 1-42 വൃദ്ധർക്ക് ഹിയറിംഗ് എയിഡ് നൽകൽ - അപാകതകൾ

പദ്ധതി - 313/23-60 വയസ് കഴിഞ്ഞ വൃദ്ധർക്ക് ഹിയറിംഗ് എയിഡ് നൽകൽ.

അടങ്കൽ തുക - 800000/- വികസന ഫണ്ട് ജനറൽ

ആകെ ചെലവ്- 668430 രൂപ .

(1) ബിൽ നം. 22151052038101520670/28.03.23 Rs. 334215,

(2) ബിൽ നം. 22151052038101520818/28.03.23 Rs. 334215

ഈ പദ്ധതി പ്രകാരം ആർട്കോ -യുടെ PKD466/21.03.23 നമ്പർ ഇൻവോയ്സ് -ന്റെ അടിസ്ഥാനത്തിൽ മേൽ രണ്ട് ബില്ലുകൾ പ്രകാരം 52 എണ്ണം HR 15- Severe Class Programable BTE Hearing Aid-കളും, 5 എണ്ണം HR-16 Moderate Class Programable BTE Hearing Aid-കളും മൂന്ന് വർഷ വാറണ്ടിയോടെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഹിയറിംഗ് എയ്ഡുകൾ രണ്ടെണ്ണം വീതം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കളെ ഓഡിറ്റ് ഫോൺ മുഖേനെ നേരിട്ട് ബന്ധപ്പെട്ടതിൽ, ഒരാളുടെ രണ്ട് ഉപകരണങ്ങളും നിലവിൽ പ്രവർത്തന രഹിതമാണെന്നും ഇക്കാര്യം ഗ്രാമപഞ്ചായത്തിൽ അറിയിച്ചെങ്കിലും തുടർനടപടി ഉണ്ടായില്ല എന്നും അറിയിക്കുകയും, രണ്ടാമത്തെ ആളുടെ രണ്ട് ഉപകരണങ്ങളും വ്യക്തതയില്ലാത്ത ശബ്ദം മൂലം ഉപയോഗിക്കുമ്പോൾ ചെവി വേദന അനുഭവപ്പെടുന്നതിനാൽ ഉപയോഗിക്കുന്നില്ല എന്നുമാണ് അറിയിച്ചത്. ഇവർ കമ്പനിയെ നേരിട്ട് ബന്ധപ്പെട്ടിട്ടില്ല എന്നും അറിയിച്ചു.

ഇതിൽ ആദ്യത്തെ വ്യക്തിയുടെ ഹിയറിംഗ് എയിഡിന് സാങ്കേതിക തകരാറും രണ്ടാമത്തെ വ്യക്തിയുടെ ഹിയറിംഗ് എയിഡിന്, ഓരോ ഉപഭോക്താക്കളുടെയും കേഴ്വി കുറവിനനുസരിച്ച് പ്രോഗ്രാമ്മബിൾ ഹിയറിംഗ് എയിഡുകളിൽ സേവ് ചെയ്തു വെക്കുന്ന, പ്രോഗ്രാം/ശബ്ദ ക്രമീകരണത്തിലെ വ്യതിയാനം മൂലം ഉപയോഗിക്കുന്ന വ്യക്തികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും മറ്റും മൂലമുണ്ടാകുന്ന പ്രശ്നവുമാണ് എന്നതാണ് വ്യക്തമാകുന്നത്. പ്രോഗ്രാമ്മബിൾ ഹിയറിംഗ് എയിഡുകൾ ഉപയോഗിച്ച് തുടങ്ങിയാൽ ആറ് മാസത്തിലോ ഒരു വർഷത്തിലോ മറ്റോ പ്രോഗ്രാം/ശബ്ദം ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉപയോഗിക്കുന്ന വ്യക്തിക്ക് അമിത ശബ്ദമോ വ്യക്തത കുറവോ ചെവി വേദനയോ മറ്റോ അനുഭവപ്പെടാവുന്നതും ഉപയോഗിക്കാതെ മാറ്റി വെക്കാൻ ഇടവരുന്നതുമാണ്. മൂന്ന് വർഷ വാറണ്ടിയുള്ള ഹിയറിംഗ് എയിഡുകൾ ആറ് മാസത്തിനകം തന്നെ യഥാസമയം കമ്പനിയെയോ വിതരണക്കാരെയോ പഞ്ചായത്തിനെയോ സമീപിക്കാതെ/സമീപിക്കാൻ കഴിയാതെ ആയവ ഉപയോഗപ്രദമല്ലാതെ ആവുകയും ചെയ്തതായാണ് വ്യക്തമാകുന്നത്.

ഇഷ്യു രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പേരിന് നേരെ കൈപ്പറ്റിയ എണ്ണം രേഖപ്പെടുത്തി ഗുണഭോക്താക്കൾ ഒപ്പ് വെക്കുക മാത്രമാണ് ചെയ്തത്. ഓരോ വ്യക്തികൾക്കും നൽകിയ ഉപകരണത്തിന്റെ കമ്പനി പേര്, മോഡൽ/സീരിയൽ നമ്പർ എന്നിവ രേഖപ്പെടുത്തുകയോ വിതരണം ചെയ്ത സ്ഥാപനത്തിന്റെ കോണ്ടാക്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഉപകരണങ്ങളുടെ വാറണ്ടി വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ആയതിനാൽ, വാറണ്ടി പേപ്പർ ഗുണഭോക്താക്കൾക്ക് നൽകിയാലും കേടുപാടുകൾ സംഭവിക്കുമ്പോൾ/ശബ്ദ വ്യക്തത ഇല്ലാതെയാകുമ്പോൾ പ്രോഗ്രാം/ശബ്ദം ക്രമീകരിക്കുന്നതിന് ഗുണഭോക്താക്കൾ നേരിട്ട് വിതരണക്കാരെ/കമ്പനിയെ സമീപിക്കാൻ സാധ്യത വളരെ കുറവാണെന്നിരിക്കെ, ഗ്രാമപഞ്ചായത്തിനോ നിർവ്വഹണ ഉദ്യോഗസ്ഥക്കോ വാറണ്ടി ഉറപ്പ് വരുത്തി ഗുണഭോക്താക്കൾക്ക് കമ്പനിയെ/വിതരണക്കാരെ ബന്ധപ്പെടുത്തി നൽകുന്നതിനും ചെലവ് തുകക്കുള്ള പൂർണ്ണമായ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനുമുള്ള സാഹചര്യം ഇല്ലാതെയുമായിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 27/2022-23/14.11.23ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഇഷ്യു രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 06.11.2023 മുതൽ 14.11.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 307,271 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ജനറൽ 315/23 | 307,271 | 0 |
| | 180,000 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-377/23 | 180,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 715,890 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ജനറൽ-315/23 | 715,890 | 0 |
| | 179,056 | മണ്ണാടിയിൽ കാര്യോട്ട് റോഡ് കോൺക്രീറ്റ് – 110/23 | 179,056 | 0 |
| | 560,000 | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി) – /23 | 560,000 | 0 |
| | 300000 | പിലാത്തോട്ടം എസ്.സി കോളനി റോഡ് കോൺക്രീറ്റ് -245/23 | 300000 | 0 |
| | 100,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ - 322/23 | 100,000 | 0 |
| | 600000 | നെൽകൃഷിക്ക് സാമ്പത്തിക സഹായം -127/23 | 600000 | 0 |
| | 7600 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 112577 | 0 |
| | 350000 | പരിരക്ഷ പദ്ധതി | 350000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ- പുഞ്ചിരിക്കാവ് വട്ടപ്പാറ റോഡ് | 177/21.12.2022 | 99988 | 99988 | പൂർത്തീകരിച്ച | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 10605374 | 3122535 | 1959476 | 0 | 11768433 |

### 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 244582/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-35 | 29020 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104355/30.11.2022<br>1220104357/30.11.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-36 | 32259 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104358/30.11.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-32 | 7370 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104359/30.11.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-38 | 43062 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104360/30.11.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-39 | 9213 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104361/30.11.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-29 | 40466 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104362/30.11.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി നമ്പർ-38 | 79292 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220104471/05.12.2022 |
| 2021-22 | ലഭ്യമാക്കിയിട്ടില്ല | 1950 | കെ.പി മൻസൂർ | 1220100637/09.05.2022 |
| 2021-22 | ലഭ്യമാക്കിയിട്ടില്ല | 1950 | കെ.പി മൻസൂർ | 1220100638/09.05.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | പൊതുപരാമർശങ്ങൾ | ചോലക്കുഴി റോഡ് കീപ്രാടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(3), 3(1) | 2010-11 | 3(3) | | നടപടി തുടർന്നു വരുന്നു |
| 2007-08 മുതൽ 2009-10 വരെ | 3(2), 3(3) | 2012-13 | 3(2) | | നടപടി തുടർന്നു വരുന്നു |
| 2011-12, 2012-13 | 4(1) | 2014-15 | 4(1) | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടർന്നു വരുന്നു |
| 2014-15,<br>2015-16 | 2(5), 2(1), 2(2)<br>2(1) | 2016-17<br>" | അനുബന്ധം | | " |
| 2019-20 | | 2020-21 | 1-19 അനുബന്ധം(2) | | നടപടി തുടർന്നു വരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1999-00 | 29(1), (2), 30 | ശ്രീ.പി.ഡി.നാരായണൻ, സെക്രട്ടറി | LF11508/Spl.Cell /SC5/04 Dt. 07.01.2016 | 3460 | തുക അടവാക്കി യിട്ടില്ല |
| 2 | 2011-12<br>2012-13 | 3(1) എ | ശ്രീ.എ.എം.ഷിബുസ്റ്റോ, വി.ഇ.ഒ | LF11156/Spl.Cell /CSC/D1/15 Dt. | 8398455 | ഒ.എ 545/18KAT, EKM കേസിൽ ഉൾപ്പെട്ടു. തുക ഈടാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | 16.11.2017 | | |
| 3 | 2011-12<br>2012-13 | 3-8 | ശ്രീ.മുഹമ്മദ് റഹ്മത്തുള്ള | LF11156/Spl.Cell /CSC/D1/15 Dt. 16.11.2017 | 19730 | തുക അടവാക്കി യിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 198440157 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 186237891 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,01,959 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ക്രമ നം | ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 1-22 | 1,38,886 | ശ്രീ സനൽ കുമാർ.എ.പി ,സെക്രട്ടറി |
| 2 | 1-27 | 25,000 | ശ്രീ.ദീപു.കെ.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3 | 1-29 | 1,00,000 | ശ്രീ.ബിജീഷ്,അസിസ്റ്റന്റ് സെക്രട്ടറി |
| 4 | 1-30 | 16,55,000 | ശ്രീ.ദീപു.കെ.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 5 | 1-31 | 16,83,073 | ഡോ. രമ്യ രവീന്ദ്രൻ, വെറ്ററിനറി സർജൻ |
| 6 | 1-38 | 5,00,000 | ശ്രീ.അബ്ദുറഹിമാൻ.എം, ഹെഡ് മാസ്റ്റർ |
| ആകെ | | 41,01,959 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | എൽ.എഫ്.എം.12/1506/03 തി:04.11.2003 | 14 |
| 2 | 1999-00 | എൽ.എഫ്.എം.12/974/02 തി:25.01.2003 | 18 |
| 3 | 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 |
| 4 | 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 7 |
| 5 | 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 4 |
| 6 | 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 4 |
| 7 | 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 8 |
| 8 | 2007-08,<br>2008-09,<br>2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 12 |

| | | | |
|---|---|---|---|
| 9 | 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 15 |
| 10 | 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 |
| 11 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 |
| 12 | 2015-16 | കെ.എസ്.എ.എം.പി.എം.7/31/2017 തി. 06-02-2017 | 25 |
| 13 | 2016-17 | കെ.എസ്.എ.എം.പി.എം.7/1881/2017 തി. 23-10-2017 | 21 |
| 14 | 2017-18 | കെ.എസ്.എ.എം.പി.എം.7/416/2019 തി. 23-03-2019 | 26 |
| 15 | 2018-19 | കെ.എസ്.എ.എം.പി.എം.7/1756/2019 തി. 29-07-2021 | 24 |
| 16 | 2019-20 | കെ.എസ്.എ.എം.പി.എം.7/1148/2021 തി. 24-08-2021 | 17 |
| 17 | 2020-21 | കെ.എസ്.എ.എം.പി.എം.7/1149/2021 തി.23.05.21 | 16 |
| 18 | 2021-22 | കെ.എസ്.എ.എം.പി.എം.7/2908/2022 തി.23.05.21 | 31 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/01 dated 29-07-2023 and submitted on 09-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vazhakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vazhakkad Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Vazhakkad Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1)Asset Register is not upto date and hence not reliable for audit
2)The following mandatory financial statements prescribed in accounting rules are not submitted for audit
i. Ratios
ii. Notes on accounts
iii. Comparative amounts)
3)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balanceof cash and cash equivalents.
4)Depreciation Calculation Worksheet for Fixed Assets is not presented for verification.

5) Bank Reconciliation statements are not duly certified by the Secretary.
6) As per Rp 40(b), LGTSB 799013000000625 number account has year end balance of Rs.15000/-.
But there is no balance amount as per bank statement/reconciliation statement.
7) Advance Collection in respect of Profession Tax Institutions/Professionals/Traders as per abstract certified by Secretary in License Register is Rs. 211900 . But in previous year's AFS, the advance collection is Rs.183500.
8) There is no annual abstract is recorded in the following registers and not certified/authorized by the secretary

a) Profession Tax Register, b) Rent Register, c) Deposit Registrar, d) Advance Register, e) Auction Register,
f) Permit Register, g) Register of Private Hospital and Paramedical Institutions, h) Loan Register.
9) Arrear amount as per B15 Schedule in rent, does not match with the values recorded in registers/documents produced for verification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്